No. 220

DECEMBER 2009

# KERALA PRIVATE COLLEGE TEACHER

a monthly journal of the all kerala private college teachers' association



ക്രിസ്തുമസ് ആശംസകൾ

KERALA PRIVATE
COLLEGE TEACHER

*a monthly journal of*
*the all kerala private college teachers' association*

No. 220 DECEMBER 2009

EDITORIAL BOARD

*Chief Editor*
**Dr. S. Jayaraj kumar**


*Managing Editor*
**Dr. V. Jayakumar**

*Assistant Editor*
**Dr. G. S. Suresh**

*Members*
K. Sasidharan
P. Reghunath
D. Salimkumar
Dr. R.B. Rajalekshmi
Dr. V. Rajendran Nair
M.S.Vasanthakumar
Dr. Mathew J. Muttath
Dr. S. Pradeep kumar
B. Bhuvanendran
A.G. Olina
N.Rajan
Dr. K.Biju kumar
Promod Vallachal
Dr. C. Sudheer
Vinod C Sugathan

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org

# inside



## 220


- Future of Accreditation System
  M. Anandakrishnan
- ക്ലസ്റ്ററർ കോളജുകൾ
  പ്രൊഫ. തോമസ് ജോസഫ്
- A Man Made Food Crisis
  Dr. K. Krishnadas
- Begining of Second Renaissance
  Dr. T.M. Mathew
- ഭോപ്പാൽ ദുരന്തം
  എം.എസ്.വസന്തകുമാർ
- ശോണരേഖകൾ (കവിത)
  ടി. ഗിരിജ
- മാറുമറയ്ക്കൽ കലാപം
  എ.ജി. ഒലീന
- സിദ്ധാന്തം പ്രയോഗം ജീവിതം
  പ്രമോദ് വെള്ളച്ചാൽ
- Equality (Poem)
  Vinodkumar
- കാററും മഴയും (കവിത)
  മോഹന കൃഷ്ണൻ
- വൃത്തി (കവിത)
  ഡോ. എ. ആർ. വിജയകുമാർ
- General Secretary's Page
- Economic Focus
- AIFUCTO News
- സർവ്വീസ് പംക്തി
- നിവേദനങ്ങൾ
- ശാസ്ത്രജാലകം
- സർക്കാർ ഉത്തരവുകൾ


*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

# അധ്യാപക നിയമനം
# ഇനിയും വൈകരുത്

പ്രീഡിഗ്രി പുന:സംഘാടനത്തിന്റെ ഭാഗമായി 1998 - 2001 കാലഘട്ടത്തിൽ അനുവദിച്ച കോഴ്സുകൾക്ക് അധ്യാപക നിയമനം നടത്താൻ സംസ്ഥാന സർക്കാരും പരീക്ഷകൾ സമയബന്ധിതമായും കാര്യക്ഷമമായും നടത്താൻ സർവകലാശാലകളും അടിയന്തിരനടപടികൾ സ്വീകരിക്കണമെന്ന് ഈ പംക്തിയിലൂടെ 2009 ജൂൺ മാസം എ.കെ.പി.സി.ടി.എ. ആവശ്യപ്പെട്ടിരുന്നതാണ്. ഡിഗ്രിതലത്തിൽ കോഴ്സ് ക്രെഡിറ്റ് സെമസ്റ്റർ സംവിധാനവും ഗ്രേഡിംഗും ഏർപ്പെടുത്തുന്ന പശ്ചാത്തലത്തിലാണ് ഇത്തരമൊരാവശ്യം സംഘടന ശക്തമായി ഉന്നയിച്ചത്. കേരള സർവകലാശാല ഒഴികെ മറ്റ് സർവകലാശാലകളെല്ലാം ഡിഗ്രിതല പരിഷ്കാരം നടപ്പാക്കികഴിഞ്ഞു. അടുത്ത വർഷം പരിഷ്കാരം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സർവകലാശാലയിൽ പുരോഗമിച്ചുവരുന്നു.

പരിഷ്കരണത്തിന്റെ വ്യാപ്തിയും സങ്കീർണതയും ഉൾക്കൊണ്ടുകൊണ്ട് പരീക്ഷാനടത്തിപ്പ് സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾ സർവകലാശാലകൾ ഇതിനോടകം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഹാൾടിക്കറ്റ് മുതൽ മാർക്ക് ലിസ്റ്റ് വരെ തയ്യാറാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രക്രിയ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ബാർകോഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് സമയനഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വികേന്ദ്രീകൃതമായി ക്യാമ്പുകൾ സംഘടിപ്പിച്ചുകൊണ്ട് പരമാവധി അധ്യാപകരെ മൂല്യനിർണയത്തിൽ പങ്കെടുപ്പിക്കുന്നുണ്ട്. അധ്യാപക-അനധ്യാപക വിഭാഗങ്ങളിൽ നിന്നും പുതിയ ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണയാണ് ലഭിക്കുന്നത്. പരിഷ്കരണ പ്രക്രിയയിൽ ഇനിയും ഏറെ മുന്നോട്ട് സഞ്ചരിക്കാനുണ്ടെങ്കിലും ഏറെദൂരം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു എന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ട്. സമയബന്ധിതമായി ഒന്നാം സെമസ്റ്റർ പരീക്ഷകളും മൂല്യനിർണ്ണയവും നടത്താൻ എല്ലാ സർവകലാശാലകൾക്കും കഴിയുന്നുവെന്നത് തന്നെ ഇന്നത്തെ സാഹചര്യത്തിൽ വലിയ കാര്യമാണ്.

ഏറെ സാമ്പത്തികഞെരുക്കങ്ങൾക്കും അധ്യാപക അനധ്യാപക ക്ഷാമത്തിനും നടുവിൽ സർവകലാശാലകൾ മുന്നോട്ട് കുതിക്കുമ്പോൾ, സർക്കാർ നടപടികൾ ഒച്ചിഴയുന്ന വേഗത്തിലാണ് നീങ്ങുന്നത്. 1998-2001 കാലഘട്ടത്തിലെ ഒഴിവുകളിൽ അധ്യാപക നിയമനം നടത്തുമെന്ന് തുടരെത്തുടരെ പ്രസ്താവനകൾ ഉണ്ടാകുന്നുവെന്നത് ശരിതന്നെ. ഇതുമായി ബന്ധപ്പെട്ട് വകുപ്പുതല കണക്കെടുപ്പുകളും കൂട്ടലുകളും കിഴിക്കലുകളും നടക്കുന്നുവെന്നതും ശരിതന്നെ. സർക്കാർ കോളജുകളിൽ തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞുവെന്നതും മറക്കുന്നില്ല. കോടതി ഉത്തരവനുസരിച്ച് എയ്ഡഡ് കോളജുകളിലെ ചില തസ്തികകളെങ്കിലും അംഗീകരിക്കപ്പെട്ട് നിയമനം നടന്നുകഴിഞ്ഞിട്ടുമുണ്ട്. ഒരുപക്ഷെ സർക്കാർ മുറപോലെ എല്ലാ തസ്തികകളും അനുവദിച്ച് എന്നെങ്കിലും ഉത്തരവു പുറപ്പെടുവിച്ചേക്കാം.

എന്നെങ്കിലും തസ്തികകളനുവദിച്ച് എന്നെങ്കിലും നിയമനം നടത്തുന്ന സമീപനം ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞിട്ടുള്ള കോഴ്സ് പുന:സംഘാടന പ്രക്രിയ അവതാളത്തിലാക്കും. ഒന്നാം സെമസ്റ്റർ പരീക്ഷ നടത്തിപ്പ് ഒരുപക്ഷെ വലിയ തടസ്സങ്ങൾ കൂടാതെ നടന്നുകഴിഞ്ഞെങ്കിൽപോലും രണ്ടാം സെമസ്റ്ററിലോട്ട് കടക്കുന്നതോടുകൂടി പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകും. സെമസ്റ്റർ കോഴ്സുകളുടെ അധ്യയനവും ആന്തരിക മൂല്യനിർണയവും ആവശ്യത്തിന് അധ്യാപകരില്ലാതെ നടത്തിക്കൊണ്ടുപോകാനാവില്ല. രണ്ടാം സെമസ്റ്റർ പരീക്ഷയോടൊപ്പം വാർഷിക പരീക്ഷയും നടത്താനുള്ള മനുഷ്യശേഷി കോളജുകളിലോ സർവകലാശാലകളിലോ ഇല്ല. ഇപ്പോൾ തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവിറക്കിയാൽതന്നെ, നിയമനം നടക്കാൻ മൂന്ന് മാസമെങ്കിലുമെടുക്കും. പ്രശ്നത്തിന്റെ അടിയന്തിര സ്വഭാവം ഉൾക്കൊണ്ട് ഏറ്റവും ഉയർന്ന തലത്തിൽ തീരുമാനങ്ങളെടുത്ത് അധ്യാപക തസ്തികകൾ അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയാൽ മാത്രമേ പരിഷ്കാരം പാതിവഴിക്ക് ഉപേക്ഷിക്കേണ്ട സാഹചര്യം ഒഴിവാക്കാനാവൂ. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കങ്ങളുടേയും കോടതി വ്യവഹാരങ്ങളുടേയും ഉദ്യോഗസ്ഥതലത്തിലുള്ള കെടുകാര്യസ്ഥതയുടെയും ന്യായങ്ങൾ നിരത്തി രാഷ്ട്രീയ നേതൃത്വം ഇക്കാര്യത്തിലുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഇനിയും ഒഴിഞ്ഞുമാറുന്നത് ഒട്ടും ഭൂഷണമല്ല.

## കരഗതമാകുന്ന ശമ്പള പരിഷ്കരണത്തിനായി

# ഒരു സമരപ്രഹസനം

6-ാം യു ജി സി ശമ്പളപരിഷ്കരണം കേരളത്തിലെ കോളജ്-സർവകലാശാല അധ്യാപകർക്ക് നടപ്പിലാക്കുമെന്ന് കേരളത്തിലെ ഇടതുപക്ഷ സർക്കാർ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. പരിഷ്കാരത്തിൻെറ ആനുകൂല്യം കരഗതമാകുവാൻ ഇനി ഏറെ കാത്തിരിക്കേണ്ടതില്ല എന്ന വാസ്തവവും കേരളത്തിലെ എല്ലാ കോളജ് അധ്യാപകർക്കും അറിയാവുന്ന കാര്യവുമാണ്. ഒരു പാക്കേജായി നടപ്പിലാക്കുമ്പോൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കേണ്ടിവരുന്നുവെന്നതുകൊണ്ട് തന്നെ അതുസംബന്ധിച്ച നയപരമായ തീരുമാനം ബന്ധപ്പെട്ട മേഖലകളിൽ ഉണ്ടാകേണ്ടതുണ്ടായിരുന്നു. അതിനാൽതന്നെ സമയബന്ധിതമായി ഉത്തരവിറക്കാനോ നടപടിക്രമങ്ങളിലേക്ക് നീങ്ങുവാനോ കഴിഞ്ഞിട്ടില്ല.എന്നാൽ എത്രയും വേഗം അത് നടപ്പിലാക്കുവാൻ കഴിയുമെന്ന പ്രതീക്ഷ നമുക്കുണ്ട്.

കേരളത്തിലെ സർക്കാർ ജീവനക്കാരോടും അധ്യാപകരോടും അങ്ങേയററത്തെ അനുഭാവവും ഔദാര്യവുമാണ് ഇടതുപക്ഷ സർക്കാർ ഇതിനിടെ പ്രകടിപ്പിച്ചിട്ടുള്ളത്. യു ജി സി പാക്കേജ് നടപ്പാക്കുന്നകാര്യത്തിൽ മനഃസാക്ഷിയുള്ള ഏതൊരാൾക്കും ശുഭാപ്തിവിശ്വാസമാണുള്ളത്. യു ജി സി പദ്ധതിയ്ക്ക് രൂപം നൽകുന്നതിൻെറ ആദ്യഘട്ടം മുതൽ അതിന് നിയമപരമായ രൂപം കൈവരിക്കുന്നതുവരെ കേന്ദ്രസർക്കാരിനോടും യു ജി സി യോടും നിരന്തരമായ സമ്മർദ്ദവും പ്രക്ഷോഭ സമരങ്ങളും ദേശീയതലത്തിലും പ്രാദേശികതലത്തിലും ഉയർത്തിക്കൊണ്ടുവരുന്നതിൽ ഐഫക്ടോയും അതിൻെറ കേരളത്തിലെ ഘടക സംഘടനകളായ എ കെ പി സി ടി. എ - എ കെ ജി സി ടി - എഫ് യു ടി എ സംയുക്തസമിതിയും വഹിച്ച പങ്ക് എല്ലാ കോളജധ്യാപകരുടെ മനസ്സിലും തിളങ്ങിനിൽക്കുന്ന അനുഭവങ്ങളാണ്.

ഇതിനിടയിലാണ് ചില പ്രതിപക്ഷ കോളജ് അധ്യാപക സംഘടനയുടെ പേരിൽ യു ജി സി ശമ്പളപരിഷ്കാരം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറിയേററ് നടയിൽ ഒരു സമരപ്രഹസനം അരങ്ങേറിയത്. ഏതാനും മണിക്കൂർ നേരത്തെ ഉപവാസ-സഹന സമരം നടത്തിക്കൊണ്ട് അവർ അണികളെ സംപ്രീതരാക്കിയിരിക്കുന്നു.

കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി യു ജി സി, ഛദ്ദകമ്മിററി, കേന്ദ്രമാനവശേഷിവകുപ്പ് മേധാവികളുമായി നിരന്തരം സംവദിച്ചുകൊണ്ടും പ്രതികരണങ്ങളും പ്രക്ഷോഭങ്ങളും വസ്തുതാപരമായ പഠനങ്ങളും നടത്തിയതുകൊണ്ടുമാത്രമാണ് ഇന്നത്തെ അവസ്ഥയിൽ യു ജി സി 6-ാം ശമ്പളപരിഷ്കാരം പ്രഖ്യാപിക്കപ്പെടുന്നത്. ഈ സമയങ്ങളിലൊന്നും കാര്യമായ ഒരിടപെടലും നടത്താതെ *അന്യൻെറ സംഘബലം കൊണ്ട് കരഗതമാകുവാൻ* പോകുന്ന നേട്ടങ്ങളുടെ പങ്കാളികളാകാൻ ശ്രമിക്കുകയാണ് ഇക്കൂട്ടർ.

യു. ഡി. എഫ് ഭരണകാലത്ത് അർഹമായ ആനുകൂല്യങ്ങൾ ഇല്ലാതാക്കി ജീവനക്കാരെ കഷ്ടപ്പെടുത്തിയിട്ടുള്ളത് മറക്കാറായിട്ടില്ല. എന്നാലിപ്പോഴോ, കുടിശ്ശികയൊന്നുമില്ലാതെ ക്ഷാമബത്ത നൽകികൊണ്ടും നിയമനങ്ങളുടെ മരവിപ്പിക്കൽ റദ്ദാക്കിക്കൊണ്ടും ഇടതുസർക്കാർ എടുത്ത തീരുമാനങ്ങൾ പ്രതിപക്ഷത്തുള്ള സർവീസ് സംഘടനകൾപോലും സ്വാഗതം ചെയ്തതാണ്. കോളജധ്യാപകർക്കാകട്ടെ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ അവരുടെ ശമ്പളത്തിൽ ഗണ്യമായ വർദ്ധന ഉണ്ടായിരിക്കുകയാണ്. ഇതെല്ലാം നേടിയത് ഈ പേപ്പർ പ്രസ്ഥാനങ്ങൾ സമരം ചെയ്തിട്ടാണോ? ജീവനക്കാരുടെ ആവശ്യങ്ങളോട് കൂറുപുലർത്തുന്ന സർക്കാരിൻെറ മേൽ ഇടതുപക്ഷ സർവീസ് സംഘടനകൾക്കുള്ള അനിഷേധ്യമായ സ്വാധീനവും പ്രതിബദ്ധതയും കൊണ്ടുമാത്രമാണ് ഇത് സാധ്യമായത്.


യു ജി സി ശമ്പളം കേരളത്തിൽ നടപ്പിലാക്കുവാൻ ഇച്ഛാശക്തിയും പ്രതിബദ്ധതയും പ്രകടിപ്പിച്ചിട്ടുള്ളത് ഇടതുപക്ഷ സർക്കാരുകൾ മാത്രമാണ്. അധ്യാപകരുടെയും ജീവനക്കാരുടെയും നേരെ ക്രൂരമായ നടപടികളും അവകാശലംഘനവും മാത്രമാണ് യു ഡി എഫ് ഭരണകാലങ്ങളിൽ ഉണ്ടായിട്ടുള്ളത്. എല്ലാം നേടാറായി കഴിഞ്ഞുവെന്നുവന്നപ്പോൾ ഈ ഇത്തിൾ കണ്ണികൾ സ്വയം മഞ്ഞളിപ്പ് മാററാൻ ഏതാനും മണിക്കൂറുകളുടെ സഹനസമരവുമായി രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ഈ കള്ളനാണയങ്ങളെ തിരിച്ചറിയാൻ പ്രബുദ്ധ കേരളത്തിലെ കോളജ് അധ്യാപകർക്കുണ്ടെന്ന് അവർ മനസ്സിലാക്കുന്നത് നന്ന്.

**M. Anandakrishnan**
*Chairman, Board of Governors, IIT Kanpur (UP)*

# Future of Accreditation System

## for Education Sector

The need for accreditation systems assumes a high priority in the context of the proposed large scale expansion of the education sector. The future of the credibility of the higher education system in India depends to a considerable extent on the reliability of the accreditation process.



**Purpose**

The primary purpose of the accreditation system for the education sector is to provide assurance to the beneficiaries about the quality of education. There are continuous improvements to the definition of quality of education. What constitutes a high quality education is a matter not left to be defined by the educationists alone but also various other stake holders of the society.

There are other secondary purposes to the accreditation system. These include the relative ranking of accredited institutions facilitating recognition of the accredited institution by employers; and immigration authorities; attracting better students and faculty; increasing the capacity to obtain projects and financial supports; and so on.

The need for accreditation systems assumes a high priority in the context of the proposed large scale expansion of the education sector. The accreditation of school systems is just as relevant as the colleges and universities, including foreign institutions and programmes in India. However, the nature of the criteria and process associated with different categories of institutions and programmes will not be same. The programmes offered through the distance mode present very special challenges in accreditation.

### Criteria

The accreditation system for education sector in India is relatively new and developed over the last fifteen years. Essentially there are two programmes: the National Board of Accreditation (NBA) meant for specific disciplines of programmes in Engineering/Technology, Management etc., coming under the All India Council for Technical Education (AICTE); and the accreditation by the National Assessment and Accreditation Council (NAAC), which covers in general all types of higher education institutions. There are some overlaps between the two. We are yet to evolve the accreditation system for the school system.

There is a high degree of national consensus that the existing two systems of accreditation are not able to cope with the existing and growing demand. The National Knowledge Commission (NKC) and the Yash Pal Committee (YPC) on Renovation and Rejuvenation of Higher Education in India have accorded high priority to the issues concerning accreditation in education sector with different approaches.

The criteria currently adopted by the two systems for assessment are basically the physical and measurable parameters such as space, faculty strength, publications, funds, etc, - the so called "input parameters". These are not considered sufficient enough to yield reliable assurance of the true quality of the programmes or Institutions.

Instead of the mechanical accounting method of assessment, there are suggestions that the accreditation should also assess the "process parameters" such as the approaches to teaching, learning and evaluation, student teacher interaction, guidance counseling, socially relevant activities; and so on. In addition, the quality assessment should include the system of governance, management, administration, autonomy, interference factors, transparency, ethics, and undesirable practices and so on.

Above all, the assessment should also consider the "outcome parameters" such as the performance of the products of the programme or institutions, and the perception of the public about the products.

### The Process

Such a comprehensive assessment cannot be accomplished in a few hours of visit and inspection or even in a few day us especially by a single organisation. Considering the formidable array of programmes and a vast range of institutional categories, the accreditation process needs to be designed in a manner to cover the demand efficiently and effectively within a desirable time frame.

The NKC has suggested licensing of a large number of private organisations to undertake the accreditation responsibility. The YPC has suggested that the accreditation responsibility be entrusted to a carefully chosen non-profit organisation in the public domain. The Government of India is seized of these issues on a high priority basis. What is apparent is that every institution, public, private or foreign should undergo rigorous accreditation process before being recognised as a legitimate educational institution.

### The Way Forward

There is likely to be a national legislation on the Accreditation of Higher Education Institutions. The questions to be addressed are:

- What are the assessment criteria to obtain the true reflection of quality?
- Should there be a variation in the criteria among institutions/Programmes? On what basis?
- Should some institutions be exempted from accreditation? On What basis?
- What should be the period before re-accreditation? Should re-accreditation process be different from initial accreditation?
- Who would prescribe the criteria of assessment and the methodology of assessment?
- Who should be authorised to undertake the accreditation responsibility? Under what conditions?

These issues need open minded discussion before the legislation is enacted. The future of the credibility of the higher education system in India depends to a considerable extent on the reliability of the accreditation process.

തോമസ് ജോസഫ്
*മെമ്പർ സെക്രട്ടറി*
*കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ*

# ക്ലസ്റ്റർ കോളജുകൾ
## പങ്കാളിത്ത വികസനത്തിന്റെ പുതിയ മാതൃക

**നിലവിലുള്ള മനുഷ്യ – ഭൗതിക സൗകര്യങ്ങൾ പരമാവധി പങ്കിട്ടുകൊണ്ടും പൊതുവായ പുതിയ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നുള്ള ലക്ഷ്യത്തോടെയായിരിക്കും ക്ലസ്റ്റർ സംവിധാനം പ്രവർത്തിക്കുക. പാഠ്യ – പാഠ്യേതര പ്രവർത്തനങ്ങളിലും, ഗവേഷണത്തിലും, വിജ്ഞാന വ്യാപനത്തിലും കൂട്ടായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ ക്ലസ്റ്റർ സംവിധാനം പ്രതിജ്ഞാബദ്ധമായിരിക്കും.**

ക്ലസ്റ്റർ കോളജ് സമ്പ്രദായം കേരളത്തിൽ മൂന്നിടങ്ങളിലായി പരീക്ഷിക്കപ്പെടുകയാണ് - തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടും. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ്, വിമൻസ് കോളജ്, സംസ്കൃത കോളജ്, ആർട്ട്സ് കോളജ്, കാര്യവട്ടം ഗവ. കോളജ് എന്നിവ ചേർന്നുള്ള ക്ലസ്റ്ററിന്റെ ഉദ്ഘാടനം 17.11.2009 ൽ ബഹു. മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. ഉദ്ഘാടന സമ്മേളനത്തിൽ യു.ജി.സി ചെയർമാൻ മുഖ്യാതിഥിയായി പങ്കെടുത്തു. മഹാരാജാസ് കോളജ്, തൃപ്പൂണിത്തുറ ഗവ. കോളജ്, സംസ്കൃത കോളജ് , കൊച്ചിൻ കോളജ് എന്നിവ ചേർന്നുള്ള ക്ലസ്റ്ററിന്റെ ഉദ്ഘാടനം 05.12.2009 ൽ ബഹു. വിദ്യാഭ്യാസ മന്ത്രി നിർവഹിച്ചു. മടപ്പള്ളി, മൊകേരി, പേരാമ്പ്ര, കൊയിലാണ്ടി, ഗവൺമെന്റ് കോളജുകളും, ആർ.ശങ്കർ മെമ്മോറിയൽ എസ്.എൻ.ഡി.പി. യോഗം കോളജും ചേർന്ന് കോഴിക്കോട് ക്ലസ്റ്റർ രൂപീകരണത്തിനുള്ള ശ്രമം നടന്നുവരുന്നു. ഇന്ത്യയിലാദ്യമായാണ് ഇത്തരമൊരു സംരംഭം ആരംഭിക്കുന്നത്. ഇത്തരുണത്തിൽ ക്ലസ്റ്റർ സമ്പ്രദായത്തിന്റെ പ്രസക്തിയെയും സാധ്യതകളെയും കുറിച്ച് ഒരു അന്വേഷണം.

### പരിഷ്കാരങ്ങളുടെ വേലിയേറ്റം

ഏറെ നാളുകൾക്ക് ശേഷം ഉന്നത വിദ്യാഭ്യാസ രംഗം ഇന്ന് ചലനാത്മകമായിരിക്കുകയാണ്. പതിനൊന്നാം പദ്ധതിയിൽ കഴിഞ്ഞ പദ്ധതിയെ അപേക്ഷിച്ച് കേന്ദ്ര നിക്ഷേപം ഒൻപത് ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒട്ടേറെ പുതിയ കേന്ദ്ര സർവകലാശാലകളും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പദ്ധതിക്കാലത്ത് സ്ഥാപിക്കപ്പെടും. നയപരമായ പുതിയ കാൽവെയ്പ്പുകളും നിയമനിർമ്മാണങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പബ്ലിക്ക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പ് മാതൃക ഉന്നത വിദ്യാഭ്യാസ രംഗത്ത് വ്യാപകമാക്കുന്നതിന് സഹായകരമായി പുതിയ സംവിധാനങ്ങൾ നിലവിൽ വരുന്നു. കേന്ദ്ര തലത്തിലുള്ള പതിമൂന്ന് വിദ്യാഭ്യാസ നിയന്ത്രണ ഏജൻസികൾക്ക് പകരമായി ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സ്ഥാപിക്കാൻ തീരുമാനമെടുത്തുകഴിഞ്ഞു. വിദേശ സർവകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകുന്നതിനുള്ള ബിൽ അടുത്ത പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുവാനിരിക്കുകയാണ്. അതോടൊപ്പം എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രെഡിറ്റേഷൻ നിർബന്ധമാക്കുന്നു. ധനസഹായം അക്രെഡിറ്റേഷനുള്ള സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോർപ്പറേറ്റുവൽക്കരിക്കുന്നതിന്റെ ഭാഗമായി അഡ്മിഷൻ, ഫീസ് എന്നിവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഉദാരവല്ക്കരിക്കുന്നു.

ഇത്രയേറെ നല്ലതും ചീത്തയുമായ പരിഷ്കാരങ്ങൾ ഇത്ര ചുരുങ്ങിയ കാലയളവിനുള്ളിൽ ഇന്ത്യയിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. വിജ്ഞാനം വികസനത്തിന്റെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്ന പുത്തൻ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ സവിശേഷ പ്രാധാന്യം പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇന്ന് ഉല്പാദനവും ഉപഭോഗവും നിയന്ത്രിക്കുന്ന ഏറ്റവും പ്രധാന ഘടകം അറിവാണ്. അതുകൊണ്ട് തന്നെ അറിവ് നേടാനുള്ള പരിശ്രമങ്ങളും അതോടൊപ്പം തന്നെ അറിവിനെ കമ്പോള ഉല്പന്നമാക്കി മാറ്റാനുള്ള പരിശ്രമങ്ങളും വളരെ വ്യാപകമായി നടക്കുന്നു. 'എല്ലാവരെയും ഉൾക്കൊള്ളുന്ന വിദ്യാഭ്യാസത്തിലൂടെ എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം' (inclusive development through inclusive education) എന്ന മുദ്രാവാക്യം മുന്നോട്ട് വയ്ക്കുന്നതിലപ്പുറം പുത്തൻ സാഹചര്യത്തിന്റെ സാദ്ധ്യതകളെ പൂർണ്ണമായി വിലയിരുത്തിക്കൊണ്ട് സമഗ്രമായ നയസമീപനവും അതിനനുസൃതമായ പരിപാടികളും ആവിഷ്ക്കരിക്കുന്നതിൽ പതിനൊന്നാം പദ്ധതി വിജയിച്ചിട്ടില്ല. എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകിക്കൊണ്ട് എല്ലാവരെക്കും വികസനത്തിൽ പങ്കാളികളാക്കുന്ന നയങ്ങളും പരിപാടികളുമാണ് നടപ്പാക്കേണ്ടത്. വിദ്യാഭ്യാസരംഗത്തെ പൊതു നിക്ഷേപവും പൊതുനിയന്ത്രണവും വർദ്ധിപ്പിക്കുകയും മത്സരാധിഷ്ഠിത കമ്പോള സമീപനങ്ങൾക്ക് പകരം പരസ്പര സഹകരണത്തിന്റെ മേഖലകൾ വികസിപ്പിക്കുകയുമാണ് ഏറ്റവും അനുയോജ്യമായ മാർക്ഷം. എന്നാൽ ഒരേസമയം പൊതു നിക്ഷേപം വർദ്ധിപ്പിക്കുകയും പൊതു നിയന്ത്രണങ്ങൾ ലഘൂകരിക്കുകയും ചെയ്തുകൊണ്ട് പൊതു ആസ്തികളിലൂടെ സ്വകാര്യവൽക്കരണത്തിനും വിദ്യാഭ്യാസത്തിന്റെ കൂടുതൽ കമ്പോളവല്ക്കരണത്തിനുമുള്ള അവസരങ്ങളാണ് പുതിയ പരിഷക്കാരങ്ങളിൽ കൂടി കേന്ദ്ര സർക്കാർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

പുതിയതായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പൊതു-സ്വകാര്യ പങ്കാളിത്ത വികസന മാതൃക തന്നെ ഇതിനേറ്റവും നല്ല ഉദാഹരണം. പതിനൊന്നാം പദ്ധതിയിൽ പുതിയ സംരംഭങ്ങൾക്കായി മാറ്റിവച്ചിരിക്കുന്നത് ഏതാണ്ട് മുപ്പതിനായിരം കോടി രൂപയാണ്. യഥാർത്ഥത്തിൽ ആവശ്യമായ തുകയുടെ എട്ട് ശതമാനം മാത്രമാണിത്. ശേഷിച്ച 92% സ്വകാര്യ പങ്കാളിത്തത്തിലൂടെ കണ്ടെത്താമെന്നാണ് ആസൂത്രണ കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്. പുതിയ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനും നിലവിലുള്ള സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതു-സ്വകാര്യ പങ്കാളിത്ത വികസന മാതൃകയാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. സ്വകാര്യ മേഖലയുടെ ഭീമമായ നിക്ഷേപത്തിന്റെ പശ്ചാത്തലത്തിൽ തുലോം തുച്ഛമായ പൊതു നിക്ഷേപം പൊതു നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഒട്ടും മതിയാവുന്നതല്ല. യഥാർത്ഥത്തിൽ തുച്ഛമായ പൊതു നിക്ഷേപം തന്നെ സ്വകാര്യ മേഖലയെ ആകർഷിക്കുവാനുള്ള കൈനീട്ടം മാത്രമാണ്. ഒട്ടേറെ പുതിയ സ്ഥാപനങ്ങൾ നിലവിൽ വരുമ്പോൾ തന്നെ ഇവയിലേയ്ക്കുള്ള പ്രവേശനം സാമ്പത്തിക ശേഷിയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന സാഹചര്യമാണ് സൃഷ്ടിക്കപ്പെടുവാൻ പോകുന്നത്. ആധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള പുതിയ സ്ഥാപനങ്ങളിൽ അടിസ്ഥാന വിഷയങ്ങളുടെ പഠനമോ ഗവേഷണമോ അല്ല മറിച്ച് കമ്പോള സാദ്ധ്യതയുള്ള കോഴ്സുകൾക്ക് മാത്രമായിരിക്കും പ്രാമുഖ്യം ലഭിക്കുക. ചുരുക്കത്തിൽ ഒരേസമയം സാമൂഹ്യനീതിയും ഗുണമേന്മയും നിഷേധിക്കപ്പെടുന്ന സാഹചര്യങ്ങളാണ് പുത്തൻ പരിഷ്കാരങ്ങൾ കൊണ്ട് സൃഷ്ടിക്കപ്പെടുക. ഇതിന്റെ ഫലമായി സുസ്ഥിരമായ വികസനം അസാദ്ധ്യമാകുകയും സമൂഹത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥ കൂടുതൽ ആഴത്തിൽ വ്യാപിക്കുകയും ചെയ്യും.

## ക്ലസ്റ്ററുകളുടെ വികസന സങ്കല്പം

മുകളിൽ വിവരിച്ച പശ്ചാത്തലത്തിൽ സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു വികസന മാതൃക രൂപപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ക്ലസ്റ്റർ കോളജുകൾ എന്ന ആശയവും കർമ്മപരിപാടിയും മുന്നോട്ട് വച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നൂതനങ്ങളായ ആശയങ്ങൾ രൂപപ്പെടുത്തുകയും അവ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുകയുമെന്നത് കൗൺസിലിന്റെ പ്രധാന ധർമ്മങ്ങളിൽ ഒന്നാണ്. മത്സരാധിഷ്ഠിത കമ്പോള വികസനത്തിന് പകരം വയ്ക്കാവുന്നതും പരസ്പര സഹകരണത്തിലധിഷ്ഠിതമായതും നിലവിലുള്ള മനുഷ്യ-ഭൗതിക വിഭവങ്ങളുടെ പരമാവധി ഉപയോഗം സാധ്യമാകുന്നതും ഏറ്റവും കൂടുതൽ പേർക്ക് ഒരുമയോടെ അനുഭവിക്കാവുന്ന തരത്തിൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടുമുള്ള ഒരു വികസന മാതൃകയ്ക്ക് വേണ്ടിയുള്ള അന്വേഷണത്തിന്റെ ഭാഗമായാണ് ഇത്തരമൊരു പരീക്ഷണം നടത്താൻ കൗൺസിൽ മുതിരുന്നത്. പൊതു സ്വകാര്യ പങ്കാളിത്തത്തിന് (Public-Private-Partnership) പകരം പൊതു പൊതു പങ്കാളിത്തം (Public-Public-Partnership) എന്ന വികസന മാതൃകയാണ് കോളേജ് ക്ലസ്റ്റർ സമ്പ്രദായത്തിലൂടെ കൗൺസിൽ മുന്നോട്ടുവയ്ക്കുന്നത്.

യഥാർത്ഥത്തിൽ ക്ലസ്റ്റർ കോളേജുകൾ എന്നുള്ള സങ്കല്പം പുതിയതല്ല. കോത്താരി കമ്മീഷൻ മുതൽ ദേശീയ വിജ്ഞാന കമ്മീഷൻ വരെ ഒട്ടുമിക്ക വിദ്യാഭ്യാസ കമ്മീഷനുകളും ഇത്തരമൊരു സംവിധാനത്തെ സ്വാഗതം ചെയ്തിട്ടുണ്ട്. പത്താം പദ്ധതി കാലത്ത് യു.ജി.സി മുൻകൈയെടുത്ത് ഇത്തരമൊരു പദ്ധതി നടപ്പാക്കാൻ ശ്രമിച്ചിരുന്നു. പലകാരണങ്ങളാൽ അത് വിജയം കണ്ടില്ലെന്നേയുള്ളൂ. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ലസ്റ്റർ സമ്പ്രദായം നിലവിലുണ്ട്. പല മാതൃകകളും നിലവിലുണ്ട്. ഒരു കേന്ദ്രീകൃത ഭരണ സംവിധാനത്തിന് ചുറ്റും രൂപപ്പെടുത്തിയിട്ടുള്ള ക്ലസ്റ്ററുകൾ ഉണ്ട്. വിവിധ സ്ഥാപനങ്ങൾ പരസ്പര സഹകരണത്തിന്റെ അടിസ്ഥാനത്തിൽ യോജിച്ച് ചേർന്ന് ക്ലസ്റ്ററുകൾക്ക് രൂപം നൽകിയിട്ടുണ്ട്.. തലയെടുപ്പുള്ള ഒരു സ്ഥാപനവും ചെറിയ സാറ്റ്ലൈറ്റ് സ്ഥാപനങ്ങളും ചേർന്ന ക്ലസ്റ്ററുകളുമുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ക്ലസ്റ്ററുകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഭൗതിക-മനുഷ്യ വിഭവങ്ങളും പൊതുവായി പങ്കിടുന്ന ക്ലസ്റ്ററുകളും ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി പോലെയുള്ള മേഖലകളിൽ ചില

സംയുക്ത സംരംഭങ്ങൾക്കു വേണ്ടി മാത്രമായുള്ള ക്ലസ്റ്ററുകളുമുണ്ട്. പൊതുവെ പറഞ്ഞാൽ ക്ലസ്റ്ററുകൾ കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം നൽകുക എന്ന ലക്ഷ്യത്തോടുകൂടി സ്ഥാപിക്കപ്പെട്ടവയാണ്. ഈ അടിസ്ഥാന ലക്ഷ്യവും ഇതുവരെയുള്ള അനുഭവങ്ങളും കൂട്ടിയിണക്കികൊണ്ട് കേരളത്തിന് അനുയോജ്യമായ ഒരു ക്ലസ്റ്റർ മാതൃകയെക്കുറിച്ചാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അന്വേഷണം ആരംഭിച്ചത്.

കേരള മാതൃക

കേരളത്തിന്റെ പശ്ചാത്തലത്തിൽ, ക്ലസ്റ്റർ കോളേജുകളുടെ സാധ്യതയും വിശദാംശങ്ങളും പഠിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ 2007-ൽ ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. കൊച്ചി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.ബാബു ജോസഫായിരുന്നു സമിതിയുടെ അദ്ധ്യക്ഷൻ. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, എം.ജി സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ചന്ദ്രമോഹനൻ, പ്രൊഫ. ജോറി മത്തായി, യു.സി കോളജ് അദ്ധ്യാപകൻ ഡോ. രാജൻ വർക്ഷീസ് (നിലവിൽ എം.ജി സർവകലാശാല പ്രോ-വൈസ് ചാൻസലർ), മഹാരാജാസ് കോളജ് മുൻ പ്രിൻസിപ്പൽ പ്രൊഫ.എബ്രഹാം അറയ്ക്കൽ എന്നിവർ അംഗങ്ങളും ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ പ്രൊഫ.കെ.അരവിന്ദാക്ഷൻ കൺവീനറുമായ ഒരു സമിതിയെയാണ് ഇതു സംബന്ധിച്ച് പഠനത്തിന് നിയോഗിച്ചത്. കമ്മിറ്റി തയ്യാറാക്കിയ കരട് രേഖ വ്യാപകമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചുകൊണ്ടാണ് കൗൺസിൽ അതിന്റെ ക്ലസ്റ്റർ കോളജ് സംബന്ധിച്ച നയ പരിപാടികൾക്ക് രൂപം നൽകിയത്. ഇത്തരത്തിൽ തയ്യാറാക്കിയ സമീപന രേഖ സർക്കാർ അംഗീകരിക്കുകയും ക്ലസ്റ്റർ കോളജുകൾ സ്ഥാപിക്കുന്നതിന് ഓരോ ക്ലസ്റ്ററിനും ഒരു കോടി രൂപ വീതം അനുവദിക്കുകയുമുണ്ടായി.

കൗൺസിൽ അംഗീകരിച്ച രേഖയുടെ അടിസ്ഥാനത്തിൽ സ്വമേധയാ സഹകരിക്കാൻ തയ്യാറാകുന്ന സമീപ കോളജുകളുടെ കൂട്ടായ്മയാണ് ക്ലസ്റ്റർ കോളേജ്. ദേശീയ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രാപ്യതയും സാമൂഹ്യ നീതിയും ഗുണമേന്മയും വർദ്ധിപ്പിക്കുക എന്ന അടിസ്ഥാന തത്വങ്ങൾ അംഗീകരിക്കുന്ന സ്ഥാപനങ്ങളുടെ കൂട്ടായ്മയായിരിക്കും ഇത്. നിലവിലുള്ള മനുഷ്യ-ഭൗതിക സൗകര്യങ്ങൾ പരമാവധി പങ്കിട്ടുകൊണ്ടും പൊതുവായ പുതിയ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും ഏറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക എന്നുള്ള ലക്ഷ്യത്തോടെയായിരിക്കും ക്ലസ്റ്റർ സംവിധാനം പ്രവർത്തിക്കുക. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും, ഗവേഷണത്തിലും, വിജ്ഞാന വ്യാപനത്തിലും കൂട്ടായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ ക്ലസ്റ്റർ സംവിധാനം പ്രതിജ്ഞാബദ്ധമായിരിക്കും.

മുകളിൽ വിവരിച്ച ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് സഹായകരമായി താഴെപ്പറയുന്ന 12 അടിസ്ഥാന തത്വങ്ങളുടെ അടിത്തറയിലായിരിക്കും ക്ലസ്റ്റർ സംവിധാനം കെട്ടിപ്പടുക്കുക.

(1) തുല്യതയുടെ അടിസ്ഥാനത്തിലുള്ള കൂട്ടായ്മ.

വ്യത്യസ്ത ഭൗതിക സാഹചര്യങ്ങളുള്ള കോളജുകൾക്ക് ക്ലസ്റ്റർ സമ്പ്രദായത്തിൽ വലിപ്പ ചെറുപ്പ വ്യത്യാസമില്ലാതെ തുല്യ സ്ഥാനമായിരിക്കും ഉണ്ടായിരിക്കുക. സ്ഥാനമാനങ്ങൾ പങ്കിടുന്നതിലും ഭരണ സംവിധാനത്തിലും എല്ലാ കോളജുകളുടെയും തുല്യത അംഗീകരിക്കപ്പെടും.

(2) കൂട്ടായ തീരുമാനങ്ങൾ

ജനാധിപത്യ മാതൃകയിൽ പരസ്പര ബഹുമാനത്തോടുകൂടി കഴിവതും ഏകകണ്ഠമായ തീരുമാനങ്ങൾ എടുക്കാനായിരിക്കും ശ്രമം. ഇത് സാദ്ധ്യമാകാതെ വരുന്ന ഘട്ടങ്ങളിൽ മാത്രം ബന്ധപ്പെട്ട സമിതിക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ അവകാശമുണ്ടായിരിക്കും.

(3) സ്വയംഭരണവും സാമൂഹ്യ പ്രതിബദ്ധതയും

ക്ലസ്റ്റർ സംബന്ധിച്ച അക്കാദമികവും ഭരണപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ എടുക്കുന്നതിനും നടപ്പാക്കുന്നതിനും ക്ലസ്റ്ററുകൾക്ക് സ്വയംഭരണാവകാശം ഉണ്ടായിരിക്കും. അതേ സമയം ഈ സ്വയം ഭരണ അവകാശം ദുരുപയോഗപ്പെടുത്തുന്നില്ല എന്ന് ഉറപ്പുവരുത്താൻ സഹായകരമായിട്ടുള്ള ഭരണസംവിധാനമാണ് ക്ലസ്റ്ററിനുള്ളത്. ക്ലസ്റ്ററുമായി ബന്ധപ്പെട്ട എല്ലാ സമിതികളിലും ജനാധിപത്യ രീതിയിലുള്ള പ്രാതിനിധ്യവും തീരുമാനങ്ങൾ എടുക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിക്കൊണ്ടാണ് ക്ലസ്റ്റർ പ്രവർത്തനത്തിൽ സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കുന്നത്.

(4) സ്വാതന്ത്ര്യവും സഹവർത്തിത്വവും

ക്ലസ്റ്റർ കോളജുകൾക്ക് ദ്വിമുഖ പദവിയായിരിക്കും ഉണ്ടായിരിക്കുക. ഒരു അഫിലിയേറ്റിങ് സർവകലാശാലയുടെ കീഴിലുള്ള കോളജ് എന്ന പദവി നിലനിർത്തിക്കൊണ്ട് തന്നെ ക്ലസ്റ്ററിലെ അംഗമെന്ന പുതിയ പദവിയും ലഭിക്കും. കോളജ് തലത്തിലുള്ള പരിപാടികൾ സർവകലാശാലയുടെ നിബന്ധനകൾക്ക് വിധേയമായിട്ടും ക്ലസ്റ്റർ തല പരിപാടികൾ ക്ലസ്റ്ററിന്റെ ഭരണസമിതിയുടെ തീരുമാനങ്ങൾക്ക് വിധേയമായിട്ടുമായിരിക്കും നടപ്പാക്കുക. ഓരോ കോളജുകളിലും രണ്ട് വ്യത്യസ്ത തലങ്ങളിലുള്ള പരിപാടികളും ഏകോപിപ്പിക്കുന്നതിനുള്ള ചുമതല അതാത് പ്രിൻസിപ്പൽമാർക്കായിരിക്കും.

(5) ക്ലസ്റ്റർ കോളജുകളുടെ ദൂരപരിധി

കഴിവതും സമീപ കോളേജുകൾ ചേർന്നുള്ള ക്ലസ്റ്ററുകൾക്കാണ് ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുക. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരസ്പരം ഒത്തുചേരാൻ ദൂരപരിധി സംബന്ധിച്ചിട്ടുള്ള ഇത്തരം പരിമിതപ്പെടുത്തലു

കൾ ആവശ്യമാണ്. പരമാവധി പതിനഞ്ച് കിലോമീറ്റർ റേഡിയസിനകത്തുള്ള കോളജുകൾ ചേർന്ന് ക്ലസ്റ്ററുകൾ രൂപീകരിക്കണമെന്നാണ് കൗൺസിൽ ആദ്യഘട്ടത്തിൽ ശുപാർശ ചെയ്തിരുന്നത്. എന്നാൽ ഇത് പ്രായോഗികമായി നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിൽ ദൂരപരിധി മുപ്പത് കിലോമീറ്റർ വരെ വർദ്ധിപ്പിക്കാമെന്നതാണ് ഇപ്പോഴത്തെ നിലപാട്.

(6) ക്ലസ്റ്ററുകളുടെ വലിപ്പം

അടിസ്ഥാനപരമായി ചെറുപ്പത്തിന്റെയും വലിപ്പത്തിന്റെയും (smallness and bigness) പ്രയോജനങ്ങൾ ഒത്തുചേരാൻ സഹായകരമായ കൂട്ടായ്മയാണ് ക്ലസ്റ്റർ സംവിധാനത്തിന് അനുയോജ്യം. അഫിലിയേറ്റിങ് സർവകലാശാല അഫിലിയേറ്റഡ് കോളജുകളുടെ ഒരു വലിയ ക്ലസ്റ്ററാണ്. കോളജുകൾ തമ്മിൽ അർത്ഥവത്തായ ആഴത്തിലുള്ള കൂട്ടായ്മകൾ സാധ്യമല്ലാത്തത്ര വലിപ്പം ഒരു അഫിലിയേറ്റിങ്ങ് സർവകലാശാലയ്ക്കുണ്ട്. അതേസമയം ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിലും മനുഷ്യവിഭവശേഷിയുടെ കാര്യത്തിലും ഒറ്റപ്പെട്ട സ്വയം□രണ കോളജുകളിൽ വിഭവ ദാരിദ്ര്യം അനുഭവപ്പെടുക സാധാരണമാണ്. ആഴത്തിലുള്ള കൂട്ടായ്മ സാധ്യമാക്കുന്നതും ആവശ്യത്തിന് മനുഷ്യ-□ഭൗതിക വിഭവങ്ങൾ ലഭ്യമാക്കാനുതകുന്നതുമായ കോളജുകളുടെ സ്വയംഭരണാവകാശമുള്ള കൂട്ടായ്മയായാണ് ക്ലസ്റ്റർ സമ്പ്രദായത്തെ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു ക്ലസ്റ്ററിൽ അഞ്ച് മുതൽ പത്ത് വരെ കോളജുകളാണ് ഏറ്റവും അഭികാമ്യമായതെന്നാണ് കൗൺസിലിന്റെ നിഗമനം.

(7) പൊതു സ്ഥാപനങ്ങളുടെ കൂട്ടായ്മ


സാമൂഹ്യ നീതി നടപ്പാക്കുകയെന്നത് ക്ലസ്റ്റർ സമ്പ്രദായത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. അതുകൊണ്ട് തന്നെ സൗജന്യ വിദ്യാഭ്യാസം നൽകുന്നതും പൊതു ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുമായ സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങൾ ചേർന്നുള്ള ക്ലസ്റ്ററുകളാണ് കേരളത്തിന്റെ സാഹചര്യത്തിൽ അഭികാമ്യമെന്നാണ് ഇതു സംബന്ധിച്ച പഠന രേഖയിൽ പറയുന്നത്. ആദ്യഘട്ടത്തിൽ ഇത്തരം കൂട്ടായ്മകളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇവയുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട് വേണ്ടിവന്നാൽ സ്വാശ്രയ സ്ഥാപനങ്ങളുടേതായിട്ടുള്ള ക്ലസ്റ്ററുകളും ഭാവിയിൽ രൂപീകരിക്കാവുന്നതാണ്.

(8) പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായ പരിപാടികൾ

എല്ലാ ക്ലസ്റ്ററുകളുടേയും അടിസ്ഥാന ലക്ഷ്യങ്ങൾ ഒന്നായിരിക്കുമ്പോൾ തന്നെ ഓരോന്നിനും പ്രാദേശിക സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തമായ പരിപാടികൾക്ക് രൂപം നൽകാവുന്നതാണ്. വിപുലമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ജനാധിപത്യപരമായിട്ടാണ് ഇത്തരം തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും നടപ്പാക്കേണ്ടതും.

(9) പടിപടിയായ നടപ്പാക്കൽ രീതി

പരസ്പര സമ്മതത്തോടെയും സഹകരണത്തോടെയും മാത്രമേ വിഭവങ്ങൾ പങ്ക് വയ്ക്കാനും



പൊതുവായ പുതിയ സൗകര്യങ്ങൾ സൃഷ്ടിക്കാനും കഴിയുകയുള്ളൂ. നിലവിലുള്ള മത്സരാധിഷ്ഠിത സമ്പ്രദായത്തിൽ നിന്നും അടിസ്ഥാനപരമായ വ്യത്യാസം ബന്ധപ്പെട്ടവരുടെ സമീപനത്തിൽ ഉണ്ടായാൽ മാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളൂ. ഇതാകട്ടെ അത്രയെളുപ്പമുള്ള കാര്യവുമല്ല. അതുകൊണ്ട് തന്നെ വളരെ അവധാനതയോടുകൂടി മാത്രമേ ഈ പരിഷ്കാരം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ചെറിയ ചെറിയ കാര്യങ്ങളിൽ തുടങ്ങി കൂടുതൽ വിപുലമായ പദ്ധതികളിലേയ്ക്ക് സഹകരണം ക്രമേണ വ്യാപിപ്പിക്കുക എന്ന രീതിയായിരിക്കണം അവലംബിക്കേണ്ടത്. പയ്യെ തിന്നാൽ പനയും തിന്നാം എന്ന ആപ്തവാക്യമായിരിക്കണം ക്ലസ്റ്ററിന്റെ പ്രവർത്തന മാർക്ഷരേഖ.

(10) അഫിലിയേറ്റിങ് സർവകലാശാലയുമായുള്ള ബന്ധം.

ക്ലസ്റ്ററുകളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് സർവകലാശാലാ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന ക്ലസ്റ്ററുകളിലെ കോളജുകൾ അഫിലിയേറ്റിങ് സർവകലാശാലയുമായി പരമ്പരാഗത രീതിയിലുള്ള ബന്ധം തുടർന്നും നിലനിർത്തും. ഇതിനുപുറമെ ക്ലസ്റ്ററുകളും സർവകലാശാലകളുടെ പൊതു നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടായിരിക്കും പ്രവർത്തിക്കുക. എന്നാൽ സർവകലാശാലയുടെ സർട്ടിഫിക്കേഷൻ ആവശ്യമില്ലാത്ത പ്രോഗ്രാമുകൾ ക്ലസ്റ്ററുകൾക്ക് സ്വയം തീരുമാനമെടുത്ത് നടപ്പാക്കാവുന്നതാണ്.

(11) സർക്കാരും ക്ലസ്റ്ററുകളും

ക്ലസ്റ്ററുകളെ ധനപരമായും □ഭരണപരമായും സഹായിക്കുന്ന സമീപനമായിരിക്കും സർക്കാർ പൊതുവെ കൈക്കൊള്ളുക. സർക്കാർ അനു

വദിച്ചിട്ടുള്ള എയ്ഡഡ് പ്രോഗ്രാമുകൾ മാത്രമായിരിക്കും സ്ഥിരാടിസ്ഥാനത്തിൽ ക്ലസ്റ്ററുകളിൽ നടപ്പാക്കുക. പരസ്പര സഹകരണത്തോടെ നടപ്പാക്കുന്ന ക്ലസ്റ്റർ പ്രോഗ്രാമുകൾക്ക് പ്രത്യേക പരിഗണന നൽകി അനുമതി നൽകുന്നതിന് സർക്കാർ ശ്രദ്ധിക്കുന്നതാണ്.

(12) ധാരണാപത്രം

ഉന്നത വിദ്യാഭ്യാസ കൗൺസിലും ക്ലസ്റ്ററിൽ അംഗങ്ങളാകുന്ന കോളജുകളും ചേർന്ന് ഉണ്ടാക്കുന്ന ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ക്ലസ്റ്ററുകൾ നിലവിൽ വരിക. ക്ലസ്റ്ററുകളെ സംബന്ധിക്കുന്ന അടിസ്ഥാന തത്വങ്ങളും നയപരിപാടികളും ഭരണസംവിധാനം സംബന്ധിച്ച വിശദാംശങ്ങളും ഉൾക്കൊള്ളുന്നതായിരിക്കും ധാരണാപത്രം.

### കടമകളും ഉത്തരവാദിത്വങ്ങളും

ഘട്ടം ഘട്ടമായി ഓരോ കോളേജിലുമുള്ള മനുഷ്യ -ഭൗതിക വിഭവങ്ങൾ പൊതുവായി പങ്കുവയ്ക്കുകയും പൊതുവായ പുതിയ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയുമാണ് ക്ലസ്റ്ററുകൾ ഏറ്റെടുക്കേണ്ട പ്രധാന കർത്തവ്യങ്ങൾ. ഈ പ്രവർത്തനങ്ങൾ പഠനം, ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവയിൽ ഏതെങ്കിലുമായോ എല്ലാവുമായോ ബന്ധപ്പെട്ടിരിക്കുന്നതാവുകയും വേണം.. ക്ലസ്റ്ററുകൾക്ക് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് വേണ്ടി ഇരുപത്തിയാറോളം പദ്ധതികൾ ക്ലസ്റ്ററിനെ സംബന്ധിച്ച് പഠനം നടത്തിയ കമ്മിറ്റി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ക്ലസ്റ്ററിന്റെ ഭരണസമിതിയുടെ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതികളോ സമാനമായ പദ്ധതികളോ നടപ്പാക്കാവുന്നതാണ്. ഒട്ടേറെ പദ്ധതികൾ ഒരേ സമയം ആരംഭിക്കുന്നതിനു പകരം മുൻഗണനാക്രമത്തിന്റെയടിസ്ഥാനത്തിൽ ഒന്നൊന്നായി ആരംഭിക്കുന്നതായിരിക്കും പ്രായോഗികമായി വിജയിക്കാൻ സാധ്യതയുള്ളത്. എല്ലാവർക്കും യോജിക്കാവുന്നതും എല്ലാവർക്കും പ്രയോജനം ചെയ്യുന്നതും പരസ്പര സഹകരണത്തോടെ മാത്രം നടപ്പാക്കാവുന്നതും പ്രാദേശിക ആവശ്യങ്ങളോട് പൊരുത്തപ്പെടുത്തുന്നതും പ്രായോഗിക സമീപനമുള്ളതുമായ പദ്ധതികൾ കണ്ടെത്തുന്നതിനും അവ നടപ്പാക്കുന്നതിനുമുള്ള പൂർണ്ണ അവകാശവും കടമയും ക്ലസ്റ്ററുകൾക്കുണ്ട്.

### ഭരണസംവിധാനം

എല്ലാ കോളജുകൾക്കും തുല്ല്യവും മതിയായതുമായ പ്രാതിനിധ്യമുള്ളതും സർക്കാർ, സർവകലാശാല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികളും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണന്മാരും അടങ്ങുന്നതാണ് ക്ലസ്റ്ററിന്റെ ഭരണസമിതി. ചെയർപേഴ്സനെയും മെമ്പർ സെക്രട്ടറിയെയും അഭിപ്രായസമന്വയത്തിന്റെയടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതായിരിക്കും അഭികാമ്യം. ഇത് സാധ്യമല്ലാതെ വന്നാൽ ഏറ്റവും സീനിയറായ പ്രൻസിപ്പലായിരിക്കും ചെയർപേഴ്സൺ.. തൊട്ടടുത്ത സീനിയോറിറ്റിയുള്ളയാൾ മെമ്പർ സെക്രട്ടറി. രണ്ട് വർഷമായിരിക്കും ഇവരുടെ കാലാവധി. റൊട്ടേഷനടിസ്ഥാനത്തിലായിരിക്കും അധികാര സ്ഥാനങ്ങൾ പങ്കുവയ്ക്കുക. ക്ലസ്റ്ററുകൾ സംബന്ധിച്ചുള്ള നയപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കാൻ അധികാരമുള്ള സമിതിയാണ് ഭരണസമിതി. ഭരണനിർവ്വഹണ സമിതിയിൽ ക്ലസ്റ്റർ കോളേജുകളിലെ പ്രിൻസിപ്പൽമാർ മാത്രമാണ് ഉണ്ടാവുക. ഭരണസമിതിയിലെ ചെയർപേഴ്സനും മെമ്പർ സെക്രട്ടറിയും ഭരണനിർവ്വഹണ സമിതിയിലും അതത് സ്ഥാനങ്ങൾ തന്നെ വഹിക്കും. ക്ലസ്റ്ററിന്റെ ഭരണം നടത്തുക ഭരണനിർവ്വഹണ സമിതിയായിരിക്കും. ആദ്യഘട്ടങ്ങളിൽ സ്ഥിരമായൊരു സെക്രട്ടറിയേറ്റ് സംവിധാനം ക്ലസ്റ്ററിന് ഉണ്ടാവില്ല. അത്യാവശ്യം ജോലികൾക്കുവേണ്ടി താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്താവുന്നതാണ്. ഭരണസമിതിയുടെ തീരുമാനത്തിന്റടിസ്ഥാനത്തിൽ ഓരോ ക്ലസ്റ്ററിനും അനുയോജ്യമായ അക്കാദമിക കമ്മിറ്റിയും അതിനാവശ്യമായ സബ് കമ്മിറ്റികളും രൂപീകരിക്കാവുന്നതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായത്തിന് പുറമെ മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സഹായം സ്വീകരിക്കാനും സ്വയം ധനസമാഹരണം നടത്താനും ക്ലസ്റ്ററുകൾക്ക് അവകാശമുണ്ടായിരിക്കും. പണം ക്ലസ്റ്ററിലെ കോളജുകൾ തമ്മിൽ പങ്കിട്ട് ചെലവാക്കുന്നത് ശരിയല്ല. മറിച്ച് പൊതുഫണ്ട് പൊതു ആവശ്യത്തിനുവേണ്ടി പൊതുവായി ചെലവാക്കുന്ന സംവിധാനമാണ് ക്ലസ്റ്ററുകൾ സ്വീകരിക്കേണ്ടത്.

### പരീക്ഷണം മൂന്നിടങ്ങളിൽ

ആദ്യഘട്ടത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്ന് ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോട്ടും. ഇതിൽ ആദ്യത്തെ രണ്ട് ക്ലസ്റ്ററുകൾ ഇപ്പോൾ തന്നെ നിലവിൽ വന്നുകഴിഞ്ഞു. കോഴിക്കോട്ട് ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പരീക്ഷണാടിസ്ഥാനത്തിലാണ് ഈ ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുള്ളത്. ആശയതലത്തിൽ ഒട്ടേറെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രയോഗ തലത്തിൽ ക്ലസ്റ്റർ സമ്പ്രദായം ആദ്യമായാണ് ഇന്ത്യയിൽ നിലവിൽ വരുന്നത്. അതുകൊണ്ട് തന്നെ കേരളത്തിലെ ക്ലസ്റ്റർ പരീക്ഷണം ഇന്ത്യയൊട്ടാകെ വലിയ താല്പര്യത്തോടെയാണ് വീക്ഷിക്കുന്നത്. ഇന്ത്യയ്ക്കാകമാനം ഇക്കാര്യത്തിൽ ഒരു മാതൃക നൽകാനുള്ള സാധ്യതയാണ് ഇപ്പോൾ കേരളത്തിലെ മൂന്ന് ക്ലസ്റ്ററുകൾക്ക് ലഭിച്ചിരിക്കുന്നത്. ഈ ഉത്തരവാദിത്വത്തിന്റെ ഗൗരവം തിരിച്ചറിയേണ്ടതുണ്ട്. ആഗോള കമ്പോള മാതൃകകൾക്ക് വിരുദ്ധമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മയും സാമൂഹ്യ നീതിയും സമന്വയിപ്പിക്കാൻ ഉതകുന്ന ഒരു സംവിധാനമാണ് നാം സൃഷ്ടിക്കേണ്ടതായിട്ടുള്ളത്. ഇത് എളുപ്പമുള്ള കാര്യമല്ല. ഒഴുക്കിനെതിരെയുള്ള നീന്തലാണ്. അതുകൊണ്ട് തന്നെയാണ് ക്ലസ്റ്ററുകളെ സംബന്ധിച്ച് ഒട്ടേറെ ആശങ്കകളും ആക്ഷേപങ്ങളും പലകോണുകളിൽ നിന്നും ഉയർന്ന് വരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ക്ലസ്റ്ററുകളുടെ ഗുണപരമായ പ്രവർത്തനത്തിലൂടെയാണ് ഇത്തരം ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും മറുപടി നൽകേണ്ടത്. ഇതിനാവശ്യമായ ഇച്ഛാശക്തിയും കൂട്ടായ്മയും വളർത്തിയെടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി.

**Dr. K. Krishnadas**
*SS College, Kalady*

# A Man Made Food Crisis

## In the mad race of aping the west, India forgot that it is ignoring a sector on which depends the life of its billions. And is now paying a heavy price for it! More than 65 crores of people in India directly engaged in Agri and allied sector.

According to Jacques Diouf, the Director General of Food and Agricultural Organization "Hunger has increased as the word has grown richer and produced more food than ever before in the last decade". There are so many international organizations deeply concerned about global food scarcity, the impact of global financial and economic crisis and last year's spike in food prices on the countries least able to respond to increased hunger and poverty. FAO has identified 36 'crisis' countries, 21 of which are in Africa. The number of hungry was increased from 825 million people in 1995-97 to 857 million in 2000-02 and 873 million in 2004-06. For 2008 , the number of hungry people were915 million. But in 2009 world hunger is projected to reach a historic high with 1020million people going hungry every day. The most recent increase in hunger is not the consequence of poor global harvest but is caused by the world economic crisis that has resulted in lower the incomes and increase the unemployment. High prices have already prompted a sting of food protests around the world, with tortilla riots in Mexico, protest over grain prices in Senegal, Mauritania and other parts of Africa. In Yemen Children have marched to high light their hunger, if prices keep rising more food riots will flare up, governments will toller and millions could die. on April 28th , in Port- au- Prince, the capital of Haiti " if the Government cannot lower the cost of living it simply has to leave. If the police and UN troops want to shoot at us , that's OK, because in the end , if we are not killed by bullets , we 'll die of hunger" the demonstrators of food crisis uttered these words which goes to the heart of the "Developing World" . More than 73 million people in 78 countries that depend on food handouts from the UN Food Programmes (WFP) are facing reduced rations this year . The increasing scarcity of food is the biggest crisis leaving for the world.

Almost all of the worlds under nourished live in developing countries. In Asia and the Pacific , an estimated 642 million people are suffering from chronic hunger, in Sub-Saharan Africa 265 million , In Latin America and the Caribbean 53 million , in the Near east and North Africa 42 million and in developed countries 15 million total.

Today, but few can recall memories of the Bengal famine of 1943 and 1944. It is highly alarming situation that the acute food crisis is again a possibility. For the rulers of India such concerns, while now

unavoidable, remain highly abstract. The memories of Bengal famine are again of special importance. For all their faults and inequalities, achieved a significant rise in per capita food grain and calorie consumption over the four decades from 1950. This achievement was swiftly wiped out by the period of neoliberal reform. Already by 2004 food grain absorption per capita had dropped to the 150 kilograms per year level of 1950-51, a fall of over 20 kilograms from levels achieved by the 1990s. The consequences of over a decade of neoliberal hunger are what make the current conjunction of global food grain price rise rise and severe weather events , a matter that require urgent attention. Famine is not the result of a failed monsoon or other extra ordinary extreme shortage that exhaust what under normal circumstances would be abundant food reserves. Even the most historical system of food stocks , ran in to the year that exhaust reserve. Wide spread hunger, not famine, is the result. Only when a population has been nutritionally deprived for an extend period does the year of extra ordinary shortage become the year of famine. According to Sebastien-RochNicholas de Chamfort, "Human Society is composed of two great classes- those who have more dinners than appetite, and those who have more appetite than dinners".

The concluding years of this decade will be remembered in history as those of suffering and awakening. While 2008 witnessed country after country being brutally affected with the devastating touch of the economic downturn, thus exposing the worst facet of globalization, 2009 wrenched with the blow of a predicament that we thought we had overcome longback.

There is global wave of food price inflation. The United Nations World Food Programmes (WFP) –The largest distributor of food aid – describes this as a "silent tsunami". The food riots are erupting in many place across the globe at once. Fidel Castro had warned a few years ago that a global food grain crisis is imminent given the large scale towards bio- fuels. The United States of America, one of the largest producer of corn is shifting 32.8 %(108.9 million tons) of its corn production for the bio- fuel generation.

Be the policy measures , investment decisions or emergency interventions , appropriate actions to address the human and economic impacts of soaring food prices require a thorough understanding of the underlying driving forces are many and complex and they include both supply side and demand side factors. Long term structural trends underlying growth in demand for food commodities continue to out strip growth in the their supply . These factors may be grouped as supply side factors and demand side factors of which WTO regime and the concerted effort on the part of developed



counties for producing Bio- Fuel causes great challenges and threats to the food security of the hungry folk.

India with all the developments and achievements of the 21st century has slipped back in time and is experiencing the same food crisis that it had to handle immediately after independence. But the situation now is more critical, as earlier it had to fend for a mere 380 million and now it had to cater to the demands of a teeming 1.2 billion. According to UNICEF report , the state of the world's children 2009, India has the highest rate of child mal nutrition in the world. On average children in the rural areas are twice as likely to be underweight as children in urban areas. The rate of child mal nutrion is higher than that of Sub- Saharan Africa. According to the UN report India is the largest country which is suffering from mal nutrion of

the children in the world. Every year, More than 21 lakhchildren are dying from mal nutrition below the age of 5.

**No wonder we are in the most troubled times.**

We had faced a similar situation immediately after independence. World war, partition and a country with millions of poor and practically no infrastructure was what we had inherited. Our governments prioritized food and development. Hence the first five year plan zeroed on agriculture, the second on industry. The third, fourth and fifth concentrated on farming, fertilizers, unemployment and poverty alleviation. And in the process was achieved the much eulogized green revolution, with the unending claims by subsequent governments of having attained self sufficiency in food. But the era of food security seems to have had ended.

Sugar prices doubled, pulses started competing with oilseeds which in turn became even dearer, and to make things worse even food grains became painfully expensive. Initially it was looked upon merely as a temporary aberration when suddenly it was realized that this upward expanding trend had become an irreversible procedure.

Food prices in India have created the same panic that the escalating oil prices had created a couple of months ago.

The prices have jumped by as high as 50%, making half of the commodities unaffordable by the poor who account for about a third of India's population.

But what has created such a somber situation in a country reputed to be among the largest exporters of food products.

The simplest reason for this is the inequality in demand and supply ratio. While the demand for food has been growing due to rise in population and increasing living standard of a sizable population, the production has not been able to match the pace. Also, though unbelievable but true, is increase in demand for meat by the affluent section which has led to a sharp increase in need to feed livestock.

India, known for its massive buffer stocks started importing wheat two years ago and has turned into world's second largest importer of edible oil.

Obviously when countries like India turn into importers, world prices soar. In fact the moment India announced it would import sugar, world prices shot by 50%. It is indeed an irony that India, known to be world's second largest exporter of sugar is now depending on other nations to meet is requirements.

It won't be too farfetched to assert that India is witnessing the curse of globalization.

The disintegration of Indian agriculture began in 1991, when with the new economic reforms development pyramid and all investments and attention shifted to manufacturing and services. In the hype and hoopla of globalization, marketisation and capitalization, agriculture received royal indifference.

The state support to agriculture including irrigation was slashed, price supports were reduced, and Public Distribution System which insured cheaper access of food by poor was drastically curtailed.

The repercussion has been a veritable disaster. Surveys have shown that calorie consumption has come down drastically since 1991.

With the implementation of the New Economic Reforms, a number of SEZs(Special Economic Zones) began to be constructed on fertile agricultural lands. This is an explosive issue in the country as acreage under paddy reduces by the day due to lack of Monsoon. More over another threat is from the "Agricultural Out Sourcing" is also a reality.

The solution is simple, but will take years to show its impact. The foremost necessity is more investment in agriculture to increase crop productivity. As land holdings in India are largely fragmented and the ownership rights dwell with small individual cultivators, reaching out to farmers, supplying improved varieties of seeds, fertilizers and other materials will boost cultivation. Emphasis on organic farming would also help tremendously as it will free agricultures from dependence on oil.

If farmers have been committing suicides and if we have turned into food importers in the world market, it is because of our own indifference towards agriculture. According to the Crime Record Bureau of India, more than 136,000 farmers committed suicide because of all these reasons. But again we are going to import BT(Bacillus Thursinginsis) seeds as we are rich in varieties of seeds. The BT seeds are going to supply by the Mahico, which is in fact a subsidiary of the mulitinational Monsanto, an American based one. In Brinjal alone we have 2000 varieties of seeds! Both in rice and wheat we have two lakh varieties of seeds. But it is very sad that we are not even protecting the rich resources.

It is not shameful to be an agricultural country. In the mad race of aping the west, India forgot that it is ignoring a sector on which depends the life of its billions. And is now paying a heavy price for it! More than 65 crores of people in India directly engaged in Agri and allied sector.

Dr. T.M. Mathew
*K.E. College, Mannanam.*

# Beginning of Second Renaissance in Human History

## Introduction of the methodology and perspectives of Social Science and Humanities in University Curriculum

Education policy is going away from the broad principles of secularism, federalism, academic autonomy and accountability and equity and excellence in education. This is one of the social turmoil that the people of Kerala, especially educationalists in Kerala facing. So introduction of the methodology and perspectives of Social Science and Humanities in University Curriculum, we can consider as the beginning of Second Renaissance in Human history.

**Introduction**

The purpose of the social science is to study systematically all aspects of the human condition and human behaviour. The social world is created by man and each generation contributes to it. Even though the scientific methodology to the study of social science was started by 18th century various historical phenomena's like Renaissance, Reformation, crusades, wars, Industrial Revolution ete contributed to the emergence of social science. The social sciences were born in a period of social turmoil, when new ideas and beliefs were causing conflict and fragmentation in European societies. Ancient Greeks contributed too much to the emergence of social science. They developed a human centered civilization. In Middle Ages religious centered civilization developed and neglected the classical civilization. Renaissance means revival of classics. Eighteenth century is the period of Enlightenment and Age of faith was replaced by Age of reason. Scientific methodology to the study of social science was started by this period. Now we are practicing, in some extent the medieval way of education. Now, our education system is money centered and Communalization and commercialization entered.. Education policy is going away from the broad principles of secularism, federalism, academic

autonomy and accountability and equity and excellence in education. Education is nothing if it is not liberal. Education is nothing if we cannot create a space for debates and discussions. Education is nothing if it is not humanistic. So I think the introduction of the methodology and perspectives of Social Science and Humanities in University Curriculum is the beginning of Second Renaissance in Human history.

**Contributions of Greeks to Social science**

Greece is a peninsula in southern Europe bordered by the Mediterranean Sea on three sides. During the third millennium B.C a new race of people came to the peninsula and spread themselves throughout the length and breadth of the peninsula. They came to be called Greeks. The city states of Greece gave significant contributions to human progress and civilization. The Greeks were highly gifted people and they laid the foundations of European civilization in government, learning and literature, science and philosaphy, and art and architecture. In all their studies the Geeks gave emphasis to four important factors. They are scientific, humanistic, rational and self – revelatory. Many of the names of Social science discipline originated from Greek words. For example, the word history derived from Greek word 'istoria'. Like this from the Greek word 'polis', political Science derived. The Greeks credited with being the first to establish rational theory, independent of theological creed; to grasp rational concepts and use them as a way of looking at reality and seeing logical connections; and to be empirical and anti- mystical. Two great Greek thinkers of the third and fourth centuries BC' Plato and Aristotle, are responsible for establishing a basis for knowledge as we know it and deal with it today. Another Greek philosopher, Thales attempted to give a rational explanation of the origin of the world. The philosophical debates of the Greeks period were in many ways the same ones that go on today, explaining how, when all things change, things must also be simultaneously unchanging; otherwise, something would have to be created out of nothing. These ideas would later develop into modern physics, including the laws of thermodynamics and the proposition that matter can n\either be created nor destroyed- merely transformed. The Greeks also considered many of the issues that later became the social science, for example, they considered the role of the state (political science), the way minds interact with society (psychology), and individuals interaction with the market(economics). Thus, the history of the social sciences begins with the Greeks. Here one gust ion may be arise ie, what happened to the humanistic, scientific, rational and self- revelatory studies of Greeks in the course of history?

**Social Sciences in Middle Ages**


For the sake of convenience in the of study of history, historians have divided the history of the world into ancient, medieval and modern on certain general characteristics and tendencies. Period from fifth century to fifteenth century (from the fall of West Roman Empire to the fall of East Roman Empire) is considered as the middle ages in history, 'Dark Ages in history 'or 'Age of Faith'. Middle ages had certain characteristics and tendencies. Intellectually, in the Middle Age, the scope of learning was extremely limited. Theology formed the chief subject of study. The method was also quite unscientific. The spirit of independent enquiry and scientific criticism was totally absent. Blind obedience to the authority \was another feature of the Middle Ages. In the Middle Ages, art, science and letters were all overshadowed by the influence of the Church which did not permit any discussion likely to affect its predominance. Religion was the strongest bond of union among the peoples of Europe in the medieval period. There was a common faith and a common obedience to a single spiritual authority. In short social science disciplines like history, economics, psychology, political science, etc were ousted from curriculum. Fee thinking and criticism were not allowed. Education is not all secular and federal .Academic autonomy and accountability and equity and excellence in education was not allowed in middle ages. Medieval education is not at all humanistic, scientific, rational and self- revelatory. In the Middle Ages, religion was so central to life that the study of religion was taken for granted, and it tied together all the other fields of study. For example, painter's painted religious pictures, musicians wrote religious music, and the study of literature was the study of the Bible and its commentators. Questions such as "why are people divided into classes"? and "why are the poor became more poorer"? were simply not asked. Things were the way they because that was God's will. Then the gustion is that when did humanistic, scientific, rational and self-revelatory approach revived?

**Renaissance and social science**

The word Renaissance means "Re-birth". The term is applied towards the close of the Middle

Ages and at the beginning of the Modern Age. It was a re-birth of classical learning, a rediscovery of classical Greco- Roman civilization. Classical civilization in the West meant ancient Greek and Roman civilization. The masterpieces of ancient Greek and Latin literature were called classics. In the Middle Age, the study of classical art and literature were neglected. Scientific, rational and humanistic studies were also depromoted. That is why this period has been called the Dark Age. Moreover, broadly specking, learning had become the monopoly of the church. Schools and universities were under its control and Priests were the main instructors. They framed the syllabus, gave emphasis on theology and discarded humanities. The church did not encourage the spirit of enquiry, essential part of research methodology. Consequently, scholars of an original turn of mind were rare. Those who thought or wrote contrary to the belief and principles of the church were persecuted. Thus Abelard who taught in the University of Paris in the 12 th century was condemned by the church for his rationalist views. Roger Bacon in the 13 th century was imprisoned by the church for three for his new ideas and opinions. The Polish astronomer Nicolaus Copernicus ( 1473- 1543) and the Italian astronomer Galileo Galilei (1564- 1642) were ostracized and nearly lost their lives when they tried to convince their compatriots that it was the earth that circled the sun, not the other way around, thus challenging the ancient wisdom of such authorities as Aristotle and the Catholic Church. But from the 14 th century we find a gradual change in the out look of man. Scholars began to learn the great works of Greek and Latin literature with real zest. This revealed to them "the glory that was Greece and the grandeur that was Rome". The treasure house of Knowledge which now lay open to them entirely changed their attitude of mind. Blind faith and blind acceptance of authority yielded place to a critical enquiring spirit. This new spirit profoundly influenced not only learning and education, but art and literature, science and invention, geography and exploration, religion and morality.

As the Renaissance dawned and continued, that religious tie provoked tension as scholars in the various fields of study came to conclusions different from the church doctrines, beginning a long conflict between religious learning and beliefs and so -called rationalist learning and beliefs. The tension between religious explanations and rationalist explanations was inevitable. The rationalist approach places human reason above faith. In a rationalist approach, one looks for logical connections and is continually asking guestions , can you prove it?. This meant that somehow the rationalist had to figure out what it meant to prove something. A religious approach places faith above reason. A religious explanation had no need to prove anything; explanations were accepted on faith. Throughout the Renaissance, rationalism replaced religion as the organizing principle of knowledge and, as it did, the various fields of knowledge became divided along rationalist lines.



The Renaissance must have been a wonderful time for scholars. The totality of knowledge was still comprehensible by the human mind. An ideal in the Renaissance was that an educated person could know everything and exercise all skills and social graces. A true Renaissance man was willing to take on all corners on any issue. As the store of knowledge grew, it became harder to know everything, and so people began to specialize A natural division opened, one between the humanities (the study of literature, music, and art) and Physics. Physics was broken up into empirical studies (which developed into the various natural sciences) and metaphysics (non- empirical studies that developed into philosophy) It was primarily from philosophy most of the social science emerged

### Certain social turmoil's in Europe and its affects on Social science

The social sciences were born in a period of social turmoil, when new ideas and beliefs were causing conflict and fragmentation in European societies. Crusades, Renaissance, Reformation, wars and Industrial Revolution were some of the

issues. Crusades is a religious wars from 1095 to 1272 in which Christians in Europe attempted capture Christianity's traditional territory in the Middle East. Europeans became reacquainted with the learning of the ancient Greeks, and they brought back the body of ancient Greek learning to Europe, where it was generally available by the twelfth century. One of the results of the Reformation was the division of Christianity into two- Catholics and Protestants- and religious wars. In order to justify their stand each group promoted education on rational level More studies were conducted to interpret Gods' will. That fight broke down the religious explanations and made people vary much aware of social problems. Which of the two explanations, Catholic or Protestant, was right? Why were they fighting? What could be done about it? The social sciences developed as individuals attempted to explain those social problems and suggest what could be done to solve them.

The condition brought about by the Industrial Revolution and the movement of the people to cities encouraged the thinkers to seek solution to the many new problems faced by the individuals in these changed societies. With the rise of factories two new social classes emerged; the owners of the manufacturing machinery and the individual workers who operated it. There were vast discrepancies in the standards of living between these two social classes, with the workers labouring for long hours in difficult conditions and suffering frequent layoff. As people kept moving to cities in search of factory jobs, cities became places in which conditions of overcrowding and lack of hygiene were rampant. Soon they also became breeding grounds of poverty and crime. It was primarily these problems that the early social scientists attempted to address by applying the scientific method to human behaviour, thereby giving rise to the social sciences.

**Enlightenment and Social science**

The Enlightenment is the period in which rationalism definitely replaced religion as the organizing principle of knowledge. The Enlightenment began between 1650CE and 1700 CE and continued for about one hindered years. It is in this period that the development of the social sciences took hold and flourished. By the time of the Enlightenment, it had become evident that to know everything was impossible. Not only was it impossible to know everything, but it was also impossible to know everything about just one subject-say, all of physics or all of philosophy. Individuals began to specialize their study. The Enlightenment spawned social science because the Enlightenment rejected the assumption that the classical world of the geeks and the Romans was perfect. More over, in the seventeenth century, just preceding the Enlightenment, there was continual turmoil in European society. Only after the beginning of the Enlightenment did people begun to believe that society and culture are themselves products of history and the evolution of culture-that they had changed and would continue to change.

**Conclusion**

Each new born human being, however, also enters a social world that has been shaped by those born previously and is continually reshaped by each new generation. The social sciences were born in a period of social turmoil. Major social problems in European socity that paved the way to the emergence of social science were Renaissance, Reformation, Crusades, Wars, and Industrial Revolution. Ancient Geeks contributed too much to the social science. But their contributions were neglected by Middle Ages. It was revived by Renaissance and Enlightenment. Recently (with in ten years) number of educational programmes and courses were started in Kerala. Number of schools and colleges, professional colleges and universities increased. In some extent, as in Middle Ages humanities and social science are slowly ousted from education system. If medieval education was religious centered, now our education system is money centered and Communalization and commercialization entered. Education policy is going away from the broad principles of secularism, federalism, academic autonomy and accountability and equity and excellence in education. This is one of the social turmoil that the people of Kerala, especially educationalists in Kerala facing. So introduction of the methodology and perspectives of Social Science and Humanities in University Curriculum, we can consider as the beginning of Second Renaissance in Human history.

**Reference**


1. H.A. Davis, Kettleby, Vanloon *World history books*
2. R.R. Palmer, *History of the Western World*, New York
3. Thomas Kuhn, *The Structure of Scientific Revolution*, Chicago
4. Perry, John, "Through the Lens of Science," *in Contemporary Society: an Introduction to Social Science*, Allyn and bacon,2009.
5. Hunt, Elgin F, " Social Science and its Methods", *in Social Science an Introduction to the Study of Society*, Allyn and Bacon,2008
6. Porta, Donatella della and Michael Keating, Approaches *and Methodologies in the Social Sciences: A pluralistic Perspective*, Cambdidge University Press , Delhi,2008.
7. Wallerstein, Emmanuel, *open the Social Sciences*, Vistaar Publications, New Delhi,1996.

# എ.കെ.പി.സി.ടി.എ
# സംസ്ഥാന കൗൺസിൽ യോഗം

**2009 നവംബർ 1, എറണാകുളം**




# കേന്ദ്ര സ്വാശ്രയനിയമം അപകടകരം

കേന്ദ്ര സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഉന്നത വിദ്യാഭ്യാസ നിയമം സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിക്കുന്നതിനും വരേണ്യവൽക്കരിക്കാനും സവർണവൽക്കരിക്കാനുമുള്ള ബോധപൂർവ്വമായ ശ്രമമാണ്. സ്വാശ്രയ വിദ്യാഭ്യാസ ലോബിയുടെ ആജ്ഞാനുസരണം തയ്യാറാക്കിയ പിന്തിരിപ്പൻ നിർദ്ദേശങ്ങളാണ് കേന്ദ്ര മാനവശേഷിവകുപ്പ് മന്ത്രി തയ്യാറാക്കിയിരിക്കുന്നത്. സ്വാശ്രയ മെഡിക്കൽ, എഞ്ചിനീയറിംഗ് കോളജുകൾ യഥേഷ്ടം തുടങ്ങുവാനുള്ള സമീപനവും വിദേശ സർവ്വകലാശാലകളെ യഥേഷ്ടം കയൂരിവിടുന്ന നയവും കേന്ദ്രസർക്കാരിൻെറ തെററായ നീക്കമായി



എ.കെ.പി.സി.ടി.എ സംസ്ഥാനകൗൺസിൽ വിലയിരുത്തി. പൊതുഫണ്ട് സ്വാശ്രയമേഖലയ്ക്ക് ലഭ്യമാക്കാനുള്ള കുത്സിത നീക്കമാണ് നടത്തുന്നത്. ഇതിനെതിരായി ശക്തമായ ബോധവൽക്കരണ സമരം വളർത്തികൊണ്ടുവരാൻ കൗൺസിൽ തീരുമാനിച്ചു.

സംസ്ഥാനത്ത് യു.ജി.സി. ശമ്പളപരിഷ്കരണം പാക്കേജായി അടിയന്തിരമായി നടപ്പിലാക്കണമെന്നും 1998 -2001 കാലയളവിൽ എയ്ഡഡ് കോളജുകളിൽ അനുവദിച്ച കോഴ്സുകളിൽ നിയമനം നടത്തുന്നതിനു കാലവിളംബം വരുത്തുവാനുള്ള ഏതു ശ്രമവും ശക്തമായ സമരം ക്ഷണിച്ചുവരുത്തുമെന്നും യോഗം മുന്നറിയിപ്പ് നൽകി.

സർവ്വകലാശാലകൾ പരീക്ഷാജോലികൾക്ക് നിയോഗിക്കുന്ന അധ്യാപകർക്ക് ഡ്യൂട്ടിലീവ് നിഷേധിക്കുന്ന വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോളജ് പ്രിൻസിപ്പൽമാർ എന്നിവരുടെ നടപടികൾക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. കേരളത്തിലെ സർവ്വകലാശാലകൾ പരീക്ഷാ ജോലികൾക്ക് നിയോഗിക്കുന്ന അധ്യാപകരുടെ പ്രതിഫലം കാലോചിതമായി പരിഷ്കരിക്കണമെന്നും ഏകീകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. യോഗത്തിൽ എ.കെ.പി.സി.ടി.എ പ്രസിഡൻറ് പ്രൊഫ.കെ.ശശിധരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ.പി.രഘുനാഥ് റിപ്പോർട്ട് അവതരിപ്പിച്ചു.

# എ.കെ.പി.സി.ടി.എ പ്രവർത്തകസമിതി തീരുമാനങ്ങൾ

## 2009 ഒക്ടോബർ 31, എറണാകുളം

1. **പ്രവർത്തകക്യാമ്പ്**

   ഒക്ടോബർ 3,4 തീയതികളിൽ കോവളം ലേബർ ട്രെയിനിംഗ് സെൻററിൽ നടന്ന സംസ്ഥാന പ്രവർത്തകക്യാമ്പ് പങ്കാളിത്തം കൊണ്ടും ഉള്ളടക്കം കൊണ്ടും വിജയമായിരുന്നു എന്നു വിലയിരുത്തി. ക്യാമ്പിൽ പങ്കാളിത്തമില്ലാതിരുന്ന ചുരുക്കം ബ്രാഞ്ചുകൾ എങ്കിലും ഉണ്ട്. ഇതു സംബന്ധിച്ച് ജില്ലാ കൗൺസിലുകൾ പരിശോധിക്കണമെന്ന് തീരുമാനിച്ചു.

2. **യു.ജി.സി. ശമ്പളപരിഷ്ക്കരണം** -യു.ജി.സി 6-ാം ശമ്പളപരിഷ്ക്കരണ നടപടികളുടെ പുരോഗതി വിലയിരുത്തി തുടർനടപടികൾ സംയുക്തസമിതിയോഗം ചേർന്ന് തീരുമാനിക്കണമെന്ന് നിശ്ചയിച്ചു.

3. **ഡിഗ്രിതല പരിഷ്ക്കരണം** -കാലിക്കററ്, എം.ജി, കണ്ണൂർ സർവകലാശാലകളിൽ ആരംഭിച്ച കോഴ്സ് -ക്രെഡിററ്-സെമസ്ററർ സ്കീം അനുസരിച്ചുള്ള ആദ്യ പരീക്ഷകളുടെ നടത്തിപ്പും മൂല്യനിർണ്ണയവും സമയബന്ധിതമായി പൂർത്തീകരിക്കാൻ സംഘടന നേതൃത്വപരമായ പങ്കുവഹിക്കണമെന്ന് നിശ്ചയിച്ചു. കേരള സർവകലാശാലയിൽ അധ്യാപകർക്കായി ഓറിയൻേറഷൻ പ്രോഗ്രാം നടത്തണമെന്ന് ആവശ്യപ്പെടാൻ നിശ്ചയിച്ചു. നാലു സർവകലാശാലകളിലും പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട ജോലിഭാരവും പ്രതിഫലവും ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം നൽകാൻ നിശ്ചയിച്ചു.

4. പ്രൊഫ. സെബാസ്ററ്യൻ ആൻറണിയുടെ പിരിച്ചുവിടലിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കാൻ നിശ്ചയിച്ചു. കുടുംബസഹായ ഫണ്ട് ഡിസംബർ 20-നകം പൂർത്തീകരിക്കണമെന്ന് നിശ്ചയിച്ചു.

5. വെൽഫെയർട്രസ്ററ് വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഓറിയൻറൽ ഇൻഷ്വറൻസ് കമ്പനിയുടെ നിർദ്ദേശങ്ങൾ ഒരു രേഖയാക്കി ചർച്ചയ്ക്കായി ബ്രാഞ്ചുകൾക്ക് നൽകണമെന്ന് തീരുമാനിച്ചു.


6. അന്തരിച്ച ആലപ്പുഴ എസ്.ഡി.കോളജ് അധ്യാപിക കുസുമകുമാരിയുടെ അനന്തരഅവകാശിക്ക് വെൽഫെയർട്രസ്ററ് ആനുകൂല്യം നവംബർ 1 ന് ചേരുന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ വച്ച് നൽകാൻ നിശ്ചയിച്ചു.

7. ജേർണലിലേക്ക് പരസ്യങ്ങൾ നൽകാത്ത ജില്ലകൾ ഇനിയുള്ള മൂന്നുലക്കങ്ങളിലേയ്ക്ക് പരസ്യങ്ങൾ നൽകണമെന്ന് നിശ്ചയിച്ചു.

8. സംഘടന തയ്യാറാക്കുന്ന 2010ലെ കലണ്ടർ ഡിസംബർ ആദ്യവാരം ലഭ്യമാക്കാൻ നിശ്ചയിച്ചു

# ശോണരേഖകൾ

**ടി.ഗിരിജ**
*വി.ടി.എം.എൻ.എസ്.എസ് കോളജ്,*
*ധനുവച്ചപുരം*



ഞാൻ നപുംസകക്രോധം
ഇന്നെന്നെ രാകിമൂർച്ചയേററി
ട്ടുളിപ്പാടിൽ മുത്തിവീഴുന്ന തച്ചന്നടുത്താ-
യഗ്നി നാവിൽ മരിയ്ക്കുന്ന വാക്കിൻ
ശിഷ്ടമെങ്ങോബലിക്കാക്കകൊത്തി
പ്പുണ്യമാക്കിയെൻ നേർക്കു നീട്ടുമ്പോൾ

ഞാൻ പ്രദർശനപ്പണ്ടം
തിരക്കിന്നാരവങ്ങളിൽ മുങ്ങിയാഴുമ്പോൾ
അർദ്ധസത്യങ്ങളിൽ പല്ലിളിയ്ക്കു-
ന്നർദ്ധനാരീശ്വരന്മാർ ചമയ്ക്കുന്നാഗ്രഹങ്ങൾ
കിതയ്ക്കുന്ന വേദിയ്ക്കുള്ളിലൂർദ്ധ്വൻ വലിച്ചു വീഴു
മ്പോൾ
ലേലവസ്തുവായ് .......പീഡിതാത്മാവായ്
ഇന്ന്.......സംരക്ഷണങ്ങൾക്കുമപ്പുറം
നാം പുറംപോക്കിലെന്നും മുടന്തു-
ന്നാന്ധ്യ ബാധിത സംസ്കൃതിച്ചണ്ടികൾ
നാവിലിററും കവർപ്പായ് മൊഴിയ്ക്കകം
നുണകൾ സൗന്ദര്യലേപനം തേയ്ക്കവേ
ചിതയൊരുക്കും ശ്മശാനസംരക്ഷകൻ
അലസമോതുന്നു സൗജന്യ ഭിക്ഷകൾ
'അമ്മയാണ് മരിയ്ക്കാനൊരുങ്ങുക'
സന്ധ്യ ചുററുമിരുണ്ടുവായ്ക്കുമ്പൊഴും
കൈകൾ ചേർത്തു പിണച്ചു നീങ്ങുന്നു നീ
പെൺകുരുന്നേ! ജനിയ്ക്കാതിരിയ്ക്കുക
ചതിവനങ്ങൾ വചസ്സുകൾ
നാവിലെച്ചലനസൂത്രങ്ങൾ. വൈകൃതാസക്തികൾ
ഒത്തൊരുക്കും വലക്കുരുക്കുള്ളിലൂ-
ടെങ്ങുപായുന്നു നീ സുരക്ഷയ്ക്കിനി
കുഞ്ഞുഭ്രൂണം തുടിയ്ക്കുന്നു, ഞാനീ....
പ്പുണ്യഭൂമിയെത്തൊട്ടേ. മടങ്ങാം......
നെന്മണിയ്ക്കകം പാറപ്പുറത്തി-
ട്ടാർക്കുനീട്ടിനീ വൈകാരികോന്മദം
നീ ജനിയ്ക്കാതിരിയ്ക്കാൻ മനസ്സിൽ
തൊട്ടിലും കുഞ്ഞു പാട്ടും മറന്നിടാം
ആഞ്ഞെറിഞ്ഞെ തകർത്തിട്ട പൈതൃകം
ആർത്തലയ്ക്കും തിരയ്ക്കു പങ്കിട്ടിടാം.
വീണ്ടുമാറുന്ന സൗഹാർദ്ദരേഖകൾ
നീങ്ങിമാറി ഒതുങ്ങാം നമുക്കിനി.
നിങ്ങൾ നിങ്ങളായ് വാക്കെടുക്കാം
സ്വയം രേഖകൾ പൊള്ളുമെന്നുള്ളിലോർത്തിടാം
ആയുധങ്ങൾ തിരസ്കരിച്ചും കണ-
ക്കാകവേ പിഴച്ചെന്നും പഴിച്ചിടാം
കൈയ്യിലെത്തുന്ന തൂവലിൻ ചൂടിൽ
കൊച്ചു മോഹങ്ങൾ ചേർത്തടവയ്ക്കാം.
ആദിയന്തങ്ങൾ ചേരാത്ത കോണി-
നുള്ളിലെത്തിക്കരൾകൊത്തി വീണ്ടും
സർവ്വതും മറന്നെന്നേ ധരിച്ചും
കണ്ടതൊക്കെയും മിഥ്യയെന്നോർത്തും
നീണ്ടും നീളും വഴിക്കണ്ണടച്ചും
നമ്മൾ നമ്മളെക്കൊന്നേ ചരിയ്ക്കാം
പിന്നെ ........നീളും പുനർജ്ജനീരഥ്യ-
യ്ക്കററമെത്തിസ്സമാധിസ്ഥയാവാം




വാർത്താമദ്ധ്യം

**എം.എസ്.വസന്തകുമാർ**
*എസ്.എൻ.കോളജ്, കൊല്ലം*

# കാൽനൂററാണ്ട് പിന്നിടുന്ന ഭോപ്പാൽ ദുരന്തം

ഭൂമിയിലേക്ക് ഇന്നും അരിച്ചിറങ്ങുന്ന വിഷപ്രവാഹം നിർബാധം ഭോപ്പാലിൽ തുടരുമ്പോഴും, ജീവച്ഛവങ്ങളായി. തുടരുന്ന ദുരന്തബാധിതരും, ജനിതകമായിപ്പോലും, ദുരിതം അനുഭവിക്കുന്ന അനന്തര തലമുറകളും അസ്വാസ്ഥ്യകയങ്ങളിൽ മുങ്ങുന്നു. എത്രയോ വിഷസംഭരണികൾ നമ്മുടെ പട്ടണങ്ങളിൽ ഡെമോക്ലിസ് ഖഡ്ഗം പോലെ നിറഞ്ഞുനിൽക്കുന്നു; നമ്മുടെ രാജവീഥികളിൽ ഇഴയുന്ന വാഹനങ്ങളിൽ ഘടിപ്പിച്ച നിലയിലും വിഷചഷകങ്ങൾ നമ്മുടെ അശ്രദ്ധയുടെ, വിസ്മൃതിയുടെ മീതെ ഒഴുകി നടക്കുന്നു.

ചരിത്രത്തിലെ ഏററവും വലിയ രാസദുരന്തമായിരുന്നു ഭോപ്പാലിൽ 1984 ഡിസംബർ 3 അർദ്ധരാത്രിയിൽ നടന്നത്. യൂണിയൻ കാർബൈഡ് വർക്ക്സ് (Union Carbide Works) ഭോപ്പാൽ, നിർമ്മിച്ചുകൊണ്ടിരുന്ന കാർബറൈൽ അല്ലെങ്കിൽ സെവിൻ എന്ന അതീവ ഫലവത്തായ കീടനാശിനി ഏററവും ആദായകരമായ രാസവഴിയിൽ രൂപപ്പെടുന്നതിന് ഉപയോഗിച്ചിരുന്ന വിഷയവാതമാണ് മീതൈൻ ഐസോസയനേററ്. (Methyl isocyanate). കാർബറൈൽ നിർമ്മാണത്തിന് സംഭരിച്ചിരുന്ന ആ വാതകം അമിതമായി അന്തരീക്ഷത്തിലേക്ക് വ്യാപിച്ചു. സംഭരണികൾ പൊട്ടിത്തെറിച്ചാണ് വാതകം ജനനിബിഡമായ ഭോപ്പാലിൽ വ്യാപിച്ചത്. വിറങ്ങലിക്കുന്ന ഡിസംബറിന്റെ ശീതമൂർദ്ധന്യത്തിൽ പെടാതെ വസതികളിലെ സുരക്ഷിത കമ്പളങ്ങളാൽ കവചിതമായ സുഷുപ്തി കൊണ്ടവർ, നിത്യമായ ഉറക്കത്തിലേക്ക് ആണ്ടത് വിഷവായുവിന്റെ ഗളഹസ്തം എന്ന അനുഭവപീഡ ഏററതിന് ശേഷമായിരുന്നു. ഔദ്യോഗിക കണക്കുകളിൽ മരണം 3000, 8000,17000 എന്നീ വ്യത്യസ്തസംഖ്യകളായി കാണപ്പെടുന്നു. അനൗദ്യോഗിക രേഖകളിൽ 33000 എന്ന സംഖ്യയും കാണുന്നു. അശ്രദ്ധയോ യാദൃച്ഛികതയോ ആക്രമണമോ എന്തുമാകട്ടെ; ഇങ്ങനെയൊന്ന് നടന്നുപോയാൽ നടന്നുപോയതാണ് എന്ന് നിസ്സംഗമായി പറയുന്നത് ഒരു മാനവശീലമായിത്തീർന്നിരിക്കുന്നു.

ഈ ദുരന്തത്തിന് 25 വയസ്സാവുകയാണ് ഈ ഡിസംബർ മൂന്നിന്. *രാസഹിരോഷിമ* എന്ന്

അതിനെ വിശേഷിപ്പിച്ച് ഇത്തരങ്ങൾക്കെതിരെ മുന്നറിയിപ്പ് സമാഹരിക്കുകയാണ് നാം. ഏററവും വലിയ കുത്സിതബുദ്ധിയുടെ പ്രയോഗമായിരുന്നുവല്ലോ ഹിരോഷിമയിലും നാഗസാക്കിയിലും നടന്നത്. ആററം ബോംബുകൾ ഇനി വേണ്ട വേണ്ട എന്ന് പ്രതിജ്ഞകൾ ആവർത്തിക്കയും പുതുക്കുകയും ഒക്കെ നാം അടിയ്ക്കടി ചെയ്യുമെങ്കിലും ആണവഗവേഷണത്തിൻെറ പ്രധാന വിഷയം ആയുധീകരണമാണെന്നാണ് എന്നും അമേരിക്കയുടെ സംശയം. ഒന്നാം ലോകമഹായുദ്ധത്തിൽ ഫോസ്ജീൻ എന്ന വിഷവാതകം ആയുധമായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ആണവ ആയുധപ്രയോഗത്തിലേക്ക് മാനവൻ *ഉയർന്നെങ്കിലും* അതിന് ശേഷം ശത്രുനിഗ്രഹത്തിന് സാക്ഷാൽ സദ്ദാം ഹുസൈൻ അഫ്ളാറേറാക്സിൻ എന്ന പദാർത്ഥ സഹായത്താൽ നിർമ്മിച്ച ഗ്യാസ് ഉപയോഗിച്ചു. *കെമിക്കൽ അലി* എന്ന ആജ്ഞാനുവർത്തിയെക്കൊണ്ടാണ് തൻെറ വംശശത്രുക്കളായ കുർദ്ദുകളെ ഗ്യാസടിച്ച് സദ്ദാം കൊന്നത്. ആ വമ്പൻെറ മരണവും ആ കേസിൻെറ (അമേരിക്കൻ വിചാരണയുടെ) പരിണതഫലമായിരുന്നു. ആ ഗ്യാസായുധത്തിന് പരീക്ഷണ ഘട്ടമില്ലായിരുന്നു. നേരിട്ടുള്ള പ്രയോഗമായിരുന്നു. ഭോപ്പാലിലെ മരണക്കൊയ്ത്ത് രാസായുധമാക്കാൻ കൊള്ളാവുന്ന വാതകമാണോ മീ തൈൽ ഐസോസയനേററ്(MIC) എന്ന് പരീക്ഷിക്കാനുള്ള ബോധപൂർവ്വമായ ഗൂഢാലോചനയുടെ ഫലമാണ് എന്ന സംശയങ്ങൾ പലരും അക്കാലത്ത് ഉയർത്തിയത് ഓർക്കുന്നു.


**മീതൈൽ ഐസോസയനേററ് (MIC)**

$CH_3NCO$ എന്ന രാസസംയുക്തമാണ് MIC. അതു കണ്ടുപിടിച്ചത് 1888 ൽ. ഐസോസയനിക് ആസിഡിൻെറ എസ്ററർ (ester) ആണ് അത്. അതിനെ ഐസോസയനേററോ മീതേൻ, മീതൈൽ കാർബൈൽ അമീൻ എന്നീ പേരുകളാലും വിളിക്കും. കാർബറൈൽ, കാർബോഫുറാൻ, മീതേമൈൽ, ആൽഡികാർബ് എന്നീ കീടനാശിനികൾ ഉണ്ടാക്കാനുള്ള ഒരു രാസവിഭവമാണ് MIC. തെളിഞ്ഞ് നിറമില്ലാത്ത ഒരു ദ്രാവകമാണ് MIC എങ്കിലും, 39.1 ഡിഗ്രി സെൽഷ്യസിൽ അത് തിളച്ച് വാതമാകും. വളരെ താണ ഒരു ഫ്ളാഷ് പോയിൻറ് (എണ്ണയിൽ നിന്ന് ആവി ഉയർന്ന് തീ പിടിക്കുന്ന ഊഷ്മാവ്) ആണ് അതിന് ഉള്ളത്. ആറ് മുതൽ പത്ത് ശതമാനം വരെ അത് വെള്ളത്തിൽ ലയിക്കുമെങ്കിലും അപകടകരമായ വിധത്തിൽ ജലവുമായി പ്രതിപ്രവർത്തിക്കും. ഈ പ്രതിപ്രവർത്തനം കൊണ്ട് കാർബൺ ഡയോക്സൈഡും ഡൈമീതൈൽ യൂറിയയും ഉണ്ടാകും. ജലം അധികമാണെങ്കിൽ കാർബൺ ഡൈ ഓക്സൈഡിന് ഒപ്പം ട്രൈമീതൈൽ ബൈയൂറെററും ഉണ്ടാകും. കാർബൺഡൈഓക്സൈഡ് വാതകമായതിനാൽ വ്യാപ്തം വർദ്ധിക്കും. സർവ്വോപരി ചൂട് പുറത്തേക്ക് പ്രസരിക്കുന്ന (exothermic) രാസക്രിയ ആയതിനാൽ (1 ഗ്രാം ങകള 325 കാലറി ചൂട് പുറത്തേക്ക് തള്ളും) ക്ഷിപ്ര വികാസത്തിനും സ്ഫോടനത്തിനും അത് ഇടയാകും. സംഭരണി പൊട്ടിത്തെറിക്കാൻ കാരണം വേറെ വേണ്ട.

ഭോപ്പാലിൽ സംഭവിച്ചത് ഇതു തന്നെയാകാം എന്നാണ് അനുമാനം. MIC സംഭരണികളിൽ ജലം പ്രവേശിച്ച്രാസ്ക്രിയനടന്ന് സംഭരണിപൊട്ടിത്തെറിച്ചതാകാം. ഒരു അനുമാനം ഇങ്ങനെ.യൂണിയൻ കാർബൈഡിലെ ഒരു ഓപ്പറേററർ തെററായ വാൽവ് തുറന്നത് മൂലം ജലം MIC ടാങ്കിലേക്ക് ഇരച്ചുകയറി. പെട്ടെന്ന് രാസക്രിയ നടന്നത് മൂലം അമിതമായ ചൂടും വാതകരൂപത്തിലുള്ള കാർബൺഡൈയോക്സൈഡും ഉണ്ടായി, സംഭരണി പൊട്ടിത്തെറിക്കാൻ ഇടയാക്കി, സംഭരണിയിലെ വലിയ അളവിലുള്ള MIC വാതകരൂപത്തിൽ (39 ഡിഗ്രി സെൽഷ്യസിൽ MIC തിളച്ച് ആവിയാകും) പുറത്ത് ചാടി. കമ്പനിയിലെ എക്സോസ്ററ് (exhaust) സംവിധാനത്തിൽ ഉണ്ടായിരുന്ന സോഡിയം ഹൈഡ്രോക്സൈഡ് സ്ക്രബറുകൾ (scrubber ശുദ്ധീകരണസംവിധാനം പ്രവർത്തനരഹിതമായിരുന്നതിനാൽ പുറത്തുചാടിയ MIC യെ നിർവീര്യമാക്കാൻ കഴിഞ്ഞില്ല.

**ദുരന്താനുഭവങ്ങൾ**

റബിയാ സുൽത്താൻ എന്ന അമ്പത്തിയഞ്ചുകാരി ഭർത്താവിനൊപ്പം ഉറങ്ങുകയായിരുന്നു. കണ്ണിൽ എന്തോ കുത്തിയത് പോലെ ഒരു അനുഭവം. കണ്ണിൽ പിന്നെ മുളകുപൊടി വിതറിയപോലെ. വയർവീർത്തു, കണ്ണുകൾ തള്ളി പുറത്തേക്ക് വന്നു. ഡിസംബർ 3ൻെറ അർദ്ധരാത്രിയിൽ മരണവെപ്രാളത്തിൽ അവരിറങ്ങി ഓടി. തെരുവീഥികളിൽ ജഡങ്ങൾ ചിതറിക്കിടക്കുന്ന കാഴ്ച കണ്ട് ഞെട്ടിത്തരിച്ച നിമിഷങ്ങളായിരുന്നുഅവ. റബിയാസുൽത്താൻ മരണത്തെ അതിജീവിച്ചു. പക്ഷെ ഭർത്താവ് പിന്നീട് മരിച്ചു. മരണം കീഴടക്കിയത് 33000 പേരെ. എങ്കിൽ മരണത്തെ അതിജീവിച്ച കഠിനാനുഭവത്തിൻെറ പീഡനമേററവർ അഞ്ച് ലക്ഷത്തോളം വരും.



കണ്ണീർ ഉതിർപ്പിക്കുവാൻ മാരകശേഷിയുള്ള രൂക്ഷഗന്ധമുള്ള MIC 42,000 കിലോഗ്രാമാണ് ഭോപ്പാൽ സിററിയിൽ വ്യാപിച്ച് താണ്ഡവമാടിയത്. ചുമ, നെഞ്ചു വേദന, ആസ്തമ എന്നീ അസഹ്യമായ അവസ്ഥകൾ കൂടി അതിജീവിച്ചാണ് വാതകതാണ്ഡവത്തെ തോൽപിച്ചവർ ജീവിതത്തിലേക്ക് തിരിച്ചുവന്നത്. യൂണിയൻ കാർബൈഡിൻെറ യമകേന്ദ്രത്തിൻെറ ഭൂമിയിലേക്ക് അന്തർദ്ധാനം ചെയ്ത വിഷവസ്തുക്കൾ അനന്തര തലമുറകൾക്കും സസ്യജാലങ്ങൾക്കും വിഷം വിതച്ച് നിർബാധം കലിയടങ്ങാതെ നിൽക്കുന്നതിന് സാക്ഷികൾ ഏറെ


### ഉത്തരവാദിത്വവും നഷ്ടപരിഹാരവും

യൂണിയൻ കാർബൈഡിനെ 2001 ൽ ഡൗ കെമിക്കൽസ് ഏറെറടുത്തു. ഗ്യാസ് ലീക്ക് ചെയ്തതിൽ യാതൊരു പങ്കുമില്ല എന്ന് പരസ്യമായി പ്രഖ്യാപിക്കാൻ അവർക്ക് ധൈര്യമുണ്ടായി. 1989 ൽ യൂണിയൻ കാർബൈഡ് ഭോപ്പാൽ നിവാസികൾക്ക് 470 ദശലക്ഷം ഡോളർ നഷ്ടപരിഹാരമായി നൽകിയതിലൂടെ ദുരന്ത സംബന്ധിയായ ബാദ്ധ്യതയെല്ലാം ആ സ്ഥാപനത്തിന് ഒഴിഞ്ഞുകിട്ടി എന്ന് അവകാശപ്പെടുന്നു. എന്നാൽ കഴിഞ്ഞ മാസവും സുപ്രീംകോടതി ഉത്തരവ് പ്രകാരം 15 ദശലക്ഷം രൂപ ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്നുണ്ടായിരുന്നു. ഇപ്പോഴും ഭോപ്പാൽ, മാൻഹാട്ടൻ എന്നീ കോടതികളിൽ ക്രിമിനൽ കേസുകൾ നടക്കുന്നുവെന്നതാണ് സത്യം. പക്ഷെ ലോകനിയമംപോലും ബഹുരാഷ്ട്രകുത്തകകളുടെ ചവിട്ടടിയിലാണ് എന്ന് തെളിയിക്കുന്നതാണ് കാൽനൂററാണ്ട് നീണ്ടുകഴിഞ്ഞിട്ടും തീരാത്ത കേസുകൾ.



ഭൂമിയിലേക്ക് ഇന്നും അരിച്ചിറങ്ങുന്ന വിഷപ്രവാഹം നിർബാധം ഭോപ്പാലിൽ തുടരുമ്പോഴും, ജീവച്ഛവങ്ങളായി. തുടരുന്ന ദുരന്തബാധിതരും, ജനിതകമായിപ്പോലും, ദുരിതം അനുഭവിക്കുന്ന അനന്തര തലമുറകളും അസ്വാസ്ഥ്യകയങ്ങളിൽ മുങ്ങുന്നു. എത്രയോ വിഷസംഭരണികൾ നമ്മുടെ പട്ടണങ്ങളിൽ ഡെമോക്ലിസ് ഖഡ്ഗം പോലെ നിറഞ്ഞുനിൽക്കുന്നു; നമ്മുടെ രാജവീഥികളിൽ ഇഴയുന്ന വാഹനങ്ങളിൽ ഘടിപ്പിച്ച നിലയിലും വിഷുചഷകങ്ങൾ നമ്മുടെ അശ്രദ്ധയുടെ, വിസ്മൃതിയുടെ മീതെ ഒഴുകി നടക്കുന്നു.


മോഹനകൃഷ്ണൻ കാലടി
പി.ആർ.എൻ.എസ്സ്.എസ്സ് കോളജ്, മട്ടന്നൂർ

## കാററും മഴയും

കാററിന്
നിറങ്ങൾ തിരിച്ചറിയില്ല
എങ്കിലും
ചില കൊടികൾക്ക് മാത്രം
അത്
ആകാശത്തിൻെറ ചിറക് നൽകുന്നു

ആകാശത്തിന്
ശബ്ദങ്ങളുടെ അർത്ഥമറിയില്ല
എങ്കിലും
ചില മുദ്രാവാക്യങ്ങൾക്ക് മാത്രം
അത്
സമുദ്രത്തിൻെറ മാറെറാലി നൽകുന്നു.

സമുദ്രത്തിന് രുചിഭേദമില്ല
എങ്കിലും
ചില രക്തങ്ങളിൽ മാത്രം
ഉപ്പ് കലക്കുന്നു.

ചിലരുടെ നിശ്വാസങ്ങൾ മാത്രം
വനങ്ങൾ പിടിച്ചെടുക്കുന്നു;
കുളുർക്കാററ് വീശിക്കുന്നു.
ചിലരുടെ കണ്ണുനീർ മാത്രം
മലകൾ വലിച്ചെടുക്കുന്നു;
തളിർമഴ പെയ്യിക്കുന്നു.

**Dr. P.S. Mohanakumar**
*SS College, Kalady*



# India's external debt

India's external debt stood at $222.61 billion up to the end of September, down $2.1 billion from the end of the last fiscal year in March, the finance ministry said on its website on Wednesday.Long-term debt was at $172.5 billion, while short-term debt stood at $50.1 billion, a finance ministry report said.

"Private debt accounted for $166 billion (74.6 percent) and government debt amounted to $56.6 billion (25.4 percent) of the total external debt as of end September 2008," it said. India's long-term debt constituted 79.4 per cent of the total debt at $183.37 billion as on December 31, 2008, against 77.4 per cent as on September 30 that year.NRI deposits declined marginally to $40.30 billion from $40.62 billion, despite increase in ceiling of interest rates paid to them on their deposits.Government (Sovereign) external debt stood at $57.4 billion at end-December, 2008, while non-government debt amounted to $173.5 billion.

**External Debt Components**

| | | |
|---|---|---|
| 1. | Commercial Borrowings | 27.7% |
| 2. | NRI Deposits | 19.6% |
| 3. | Multilateral debt | 18.1% |
| 4. | Short term Debt | 17.8% |
| 5. | Bilateral Debt | 9.4% |

**Currency Composition of Debts**

| | | |
|---|---|---|
| 1. | Dollar | 54.4% |
| 2. | Yen | 14.6% |
| 3. | Indian Rupee | 14.3% |
| 4. | SDR | 9.6% |
| 5. | Euro | 4.4% |

## Gender equality- India ranks a poor 114th

The Global Gender Gap Report measures the size of the gender inequality gap in four critical areas:

1. Economic participation and opportunity: Outcomes on salaries, participation levels and access to high-skilled employment
2. Educational attainment: Outcomes on access to basic and higher level education
3. Political empowerment: Outcomes on representation in decision-making structures
4. Health and survival: Outcomes on life expectancy and sex ratio

**The rankings are given below**

India (114)

Korea (115),

Iran (128)

Pakistan (132

Even India's ranking among the 36 lower middle-income group of countries is 31. The report ranks countries according to gender equality rather than women's empowerment and underlines rich countries have more education and health opportunities for all members of society in comparison to others. The detailed ranking reflects a sharp contrast of India's position in political empowerment of women vis-a-vis other key indicators. So far as the economic participation and opportunities for women is concerned, India finished at 125, and in the case of educational attainment it ranks 116 among the 160 nations. The ranking in health and survival of women is also as low as 128.

ഡോ. എം. ആർ. സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*

# നൊബേൽ സമ്മാനം 2009

നൊബേൽ സമ്മാനപ്രഖ്യാപനം ഇത്തവണ ഇന്ത്യയിലും ആവേശകരമായ ചലനങ്ങളുണ്ടാക്കി. ഇന്ത്യൻ വംശജനായ വെങ്കട്ടരാമൻ രാമകൃഷ്ണൻ രസതന്ത്ര നൊബേൽ സമ്മാന ജേതാവായതാണ് അതിന് കാരണം. റൈബോസോമുകളുടെ ത്രിമാന ചിത്രം രേഖപ്പെടുത്തിയതിന് Venkataraman Ramakrishnan (MRC Laboratory, Cambridge), Thomas A.Steitz (Yale University, USA), Ada E.Yonath (Weizmann Institute of Science, Israel) എന്നിവരാണ് സമ്മാനം പങ്കിട്ടത്. ഡി.എൻ.എയുടെ നിർദ്ദേശമനുസരിച്ചാണ് റൈബോസോമുകൾ പ്രോട്ടീനുകൾ നിർമ്മിക്കുന്നത്. ഓക്സിജൻ വാഹിയായ ഹീമോഗ്ലോബിൻ,



Venkatraman Ramakrishnan *United Kingdom* | Thomas A. Steitz *USA* | Ada E. Yonath *Israel*

പ്രതിരോധ സംവിധാനത്തിലെ ആൻറിബോഡികൾ, ഹോർമോണുകൾ, എന്നിവയൊക്കെ ഇതിനുദാഹരണങ്ങളാണ്. ഇന്നത്തെ പല ആൻറിബയോട്ടിക്കുകളും ബാക്ടീരിയകളുടെ റൈബോസോമുകളെ പ്രവർത്തനരഹിതമാക്കി അവയെ നശിപ്പിക്കും. റൈബോസോമുകളുടെ ത്രിമാന ഘടന സൃഷ്ടിച്ച് ആൻറിബയോട്ടിക്കുകൾ എങ്ങനെയാണ് റൈബോസോമുകളെ പ്രവർത്തന രഹിതമാക്കുന്നതെന്ന് ഈ ശാസ്ത്രജ്ഞൻ കാട്ടിതന്നു. പുതിയ ആൻറി ബയോട്ടിക്കുകൾ സൃഷ്ടിക്കുവാൻ ശാസ്ത്രജ്ഞർ ഉപയോഗിക്കുന്നത് ഈ സങ്കേതമാണ്.

University of California യിലെ Elizabeth



Elizabeth | Jack | Carol

H.Blackburn, John Hopkins University യിലെ Carol.W.Griede, Massachusetts General Hospital യിലെ Jack-W-Szostak എന്നിവർ വൈദ്യശാസ്ത്ര നൊബേൽ സമ്മാനം പങ്കിട്ടു. ജീവശാസ്ത്രത്തിലെ ഒരു വലിയ സമസ്യയ്ക്ക് ഉത്തരം നൽകിയതിനാണ് അവർ നൊബേൽ സമ്മാനർഹരായത്. കോശ വിഭജന സമയത്ത് ക്രോമസോമുകൾ എങ്ങനെയാണ് പൂർണമായ പകർപ്പെടുക്കുന്നതെന്നും അവയെ തകർച്ചയിൽ നിന്ന് സംരക്ഷിക്കുന്നതെന്നും ശാസ്ത്രജ്ഞർ കണ്ടെത്തി. ക്രോമസോമുകളുടെ അററത്തുള്ള telomeres ഉം അവയെ സൃഷ്ടിക്കുന്ന telomerase എന്ന എൻസൈമുമാണ് ഈ കൃത്യം നിർവഹിക്കുന്നത്. telomeres ന് നീളം കുറയുന്നതാണ് കോശങ്ങൾക്ക് പ്രായമാകുവാൻ കാരണമാകുന്നത്. എന്നാൽ കാൻസർ കോശങ്ങൾക്ക് ഉയർന്ന ടിലോമെറേസ് പ്രവർത്തനമാണ്. അപ്പോൾ ടിലോമെറേസ് പ്രവർത്തനം ഇല്ലാതാക്കിയാൽ കാൻസറിന് ചികിത്സയാവില്ലേ? ചില പാരമ്പര്യരോഗങ്ങൾക്ക് കാരണം telomeres നു സംഭവിക്കുന്ന ന്യൂനതകളാണ്. കോശങ്ങളെക്കുറിച്ചുള്ള ഈ അടിസ്ഥാന അറിവ് പുതിയ ചികിത്സാ സമ്പ്രദായങ്ങൾ വികസിപ്പിച്ചെടുക്കുവാൻ കാരണമാകും.



Charles K. Kao | Willard S. Boyle | George E. Smith

University of Hong Kong ലെ Charles K.Kao, Bell Laboratories ലെ Willard S. Boyle, George E.Smith എന്നിവർ ഭൗതിക നൊബേൽ സമ്മാന നേതാക്കളായി. സമ്മാനത്തിൻെറ പകുതി ഒപ്ടിക്കൽ ഫൈബറിൻെറ കണ്ടുപിടിത്തത്തിന് കാവോയ്ക്ക് ലഭിച്ചു. ബാക്കി തുക Charge Coupled Devices (CCD) കണ്ടുപിടിച്ചതിന് ബോയ്ലും സ്മിത്തും പങ്കിട്ടു. വിവരവിനിമയരംഗത്ത് വൻകുതിച്ചുചാട്ടം സാധ്യമാക്കുവാൻ ഒപ്ടിക്കൽ ഫൈബർ കാരണമായി. ഫോട്ടോഗ്രാഫിയുടെ രംഗത്ത് CCD വൻ മാററം സൃഷ്ടിച്ചു. ഡിജിററലായി ചിത്രമെടുക്കുന്നതിനും വിനിമയം ചെയ്യുന്നതിനും ഈ സാങ്കേതിക വിദ്യ സഹായകരമായി.

**എ. ജി. ഒലീന**
*വി.ടി.എം.എൻ.എസ്.എസ്. കോളജ്, ധനുവച്ചപുരം*

# മാറുമറയ്ക്കൽ കലാപം **ആദ്യ മനുഷ്യാവകാശസമരം**

അധീശ പ്രത്യയശാസ്ത്രത്തിനുള്ളിൽ അധികാരവും ഭരണകൂടവും മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളെ പ്പോലും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെങ്ങനെയെന്നതിൻെറ ചരിത്രസാക്ഷ്യമാണ് ചേലാസമരം. മേലാളൻെറ മുന്നിലും സവർണാധികാരിയുടെ മുന്നിലും വസ്ത്രം മാററി ആദരവു പ്രകടിപ്പിക്കുന്ന വിധേയത്വത്തിൽ നിന്നും ഭഗവാൻെറ മുന്നിൽ കാൽസരായി ധരിക്കാൻ പാടില്ലാത്തവരായി മലയാളി പിരിവർത്തിക്കപ്പെട്ടു കഴിഞ്ഞിട്ടുമുണ്ട്.

കേരളത്തിലെ സ്ത്രീമുന്നേററ ചരിത്രമെഴുതുമ്പോൾ രേഖപ്പെടുത്തേണ്ട ആദ്യത്തെ സ്വാതന്ത്ര്യസമരമായാണ് ചാന്നാർ കലാപം എന്ന് വ്യവസ്ഥാപിത ചരിത്രം രേഖപ്പെടുത്തിയ മേൽമുണ്ടുസമരം അഥവാ മാറുമറയ്ക്കൽ കലാപം. കേരളത്തിൻെറ ചരിത്രത്തിൽ അധഃസ്ഥിത വർഗ്ഗത്തിലെ വനിതകൾ മാറുമറയ്ക്കാനുള്ള അവകാശത്തിനായി നടത്തിയ സമരത്തിൻെറ ഇതിഹാസമാണ് വാസ്തവത്തിൽ മേൽമുണ്ട് പ്രക്ഷോഭം. 1812 ൽ ആരംഭിച്ച ഈ സ്വാതന്ത്ര്യസമരം 1859 ൽ ഫലപ്രാപ്തി കൈവരിക്കുന്നതുവരെ നിരന്തരം തുടരുകയായിരുന്നു. മനുഷ്യാവകാശത്തിനായി ഒരു ജനത നടത്തിയ അതിധീരമായ സമരത്തെ സവർണമേധാവിത്വവും യാഥാസ്ഥിതിക ഭരണകൂടവും അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും ബ്രിട്ടീഷധികാരികളുടെ കർക്കശമായ നിലപാടിനുമുന്നിൽ തിരുവിതാംകൂർ ഭരണകൂടത്തിനു പിടിച്ചു നിൽക്കാനായില്ല. മതപരിവർത്തനം ചെയ്ത തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ സവർണസമുദായത്തിലെ സ്ത്രീകളെപ്പോലെ മേൽവസ്ത്രം ധരിക്കാനാരംഭിച്ചതാണ് അധീശവർഗത്തെ ഒന്നാകെ ചൊടിപ്പിച്ചത്. അക്കാലത്ത് നായർ സ്ത്രീകളും മററും മേൽമുണ്ടു ധരിച്ചിരുന്നില്ലെന്നതും ശ്രദ്ധേയമാണ്. അധഃസ്ഥിതർക്കിടയിൽ പ്രവർത്തിച്ചിരുന്ന എൻ.എം.എസ് മിഷണറിമാർ പകർന്നു നൽകിയ അക്ഷരവിദ്യയും വെളിച്ചവുമാണ് അവർക്കിടയിലെ സ്ത്രീകൾക്ക് മാന്യതയുടെ ആർഷം പകർന്നു നൽകിയത്. പള്ളിയിൽ ആരാധനയിൽ പങ്കെടുക്കുന്ന നാടാർ സ്ത്രീകൾ മേൽവസ്ത്രം ധരിച്ചുവരണമെന്നു മിഷണറിമാർ നിഷ്കർഷിച്ചു. അന്നത്തെ റസിഡൻറും ദിവാനുമായിരുന്ന കേണൽ മൺറോ, ഈ അവകാശം അനുവദിച്ചുകൊടുത്തതായി റാണി പാർവ്വതീബായിയെ കൊണ്ട് വിളംബരം പുറപ്പെടുവിച്ചു. പക്ഷേ മേൽവസ്ത്രം ധരിച്ചുപുറത്തിറങ്ങിയ നാടാർ സ്ത്രീകൾ പലവിധത്തിൽ ആക്രമിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്തു. തുടർന്നുണ്ടായ കോടതിവിധിയും പ്രശ്നത്തിനു പരിഹാരമായില്ല. 1828 ൽ നെയ്യൂർ ജില്ല



യിലെ ഇരണിയൽ, കണ്ണന്നൂർ, ആററൂർ എന്നിവടങ്ങളിൽ നായർ പ്രമാണിമാർ സായുധരായി സംഘടിപ്പിക്കുകയും നാടാർ ക്രിസ്ത്യൻ സ്ത്രീകളെ ആക്രമിക്കുകയും ചെയ്തു. 1859 ജനുവരി 10-ാം തീയതി നെയ്യൂർ ചന്തയിലെത്തിയ നാടാർ സ്ത്രീകളും പുരുഷന്മാരും ഒന്നുപോലെ ആക്രമിക്കപ്പെട്ടു. ഇത്തരത്തിലുള്ള നിരവധി കലാപങ്ങൾ കൊല്ലം ജില്ലയിലേക്കും വ്യാപിച്ചു. അമ്മവഴക്കൊന്നും നായർ-പുലയ ലഹളയെന്നും മററും അറിയപ്പെട്ട വിവിധ കലാപങ്ങളും പോരാട്ടങ്ങളും ചാന്നാർ കലാപത്തിൻെറ തുടർച്ചയോ അനുബന്ധമോ ആയിരുന്നു. കലാപങ്ങൾ ക്കൊടുവിൽ മദ്രാസിലെ ബ്രിട്ടീഷ് ഭരണകൂടം *ചാന്നാർ സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കാൻ അനുവാദം നൽകുക തന്നെ വേണം. ഈ പരിഷ്കാരം പ്രയോഗത്തിൽ വരുത്താൻ ബയണററ്*

*India's Largest Construction Equipment Manufacturer*




# JCB India Product Range

## INDIA TECHS LIMITED

Regd. Office :Kelmer's Complex, Sreekandath Road,
P.B.No. 2401, Kochi-682 016.
Tel. 0484-2351409, 2360292, 2381917, 2365863. Fax - 0484 - 2370743.
Email: mail@india-techs.com Visit us at: www.india-techs.com

**Toll Free: 1800 425 0009**

**KASARGOD.**
VIDYANAGAR. TEL, 04994 - 255950, 9847498914.
**IRITTY.**
SEAFARER'S, 272/FGH, KALLUMUTTY P.O. !
TEL. 0490 - 2492929, 9947700183.
**KANNUR.**
M.H. TOWER, MAKKANI, SOUTH BAZAR.
TEL. 0497 - 2761788, 9847498913.
**WYANAD.**
DEEPALAYAM, PARAKKAL, KALPETTA.
TEL. 04936 - 207126.9847498042.
**CALICUT.**
H.N0.5/204-A, BYE PASS ROAD, ERANJIPALAM.
TEL. 98474-98911.
**CALICUT WORKSHOP.**
520/A, S K BAZAR, ELATHUR P. 0. -
TEL. 0495 - 2461563, 9947677933.
**MALAPPURAM.**
'BISMI', 10/279, KAVUNGAL
TEL. 0483 - 2730371, 9847498910.
**PALAKKAD.**
DR NO.18/62(5), STADIUM BYPASS ROAD,
TEL. 0491-2535697, 9847498909.


**THRISSUR.**
BUILDING NO: 1/584 I,
N H BYEPASS, THALORE.
TEL. 0487 - 2355513, 9847498908.
**KALADY.**
BUILDING NO: 21/B, OKKAL P. 0.,
THANIPUZHA. TEL. 0484 - 2244944, 9744400775.
**VAZHAKULAM WORKSHOP.**
VII/406F, KEENPURAM,
SOUTH VAZHAKKULAM.
TEL. 0484 - 2677403, 2678714,9847498900.
**KOCHI.**
6/477 C, SEAPORT AIRPORT ROAD,
KAKKANAD. TEL: 0484 - 2427939, 9847498907.
**MUVATTUPUZHA.**
Near ISSACS & MARIA THEATRE. TEL. 0485 -
2831064, 9847498917.
**KATTAPANA.**
KP VI/862, KIZHAKETHIL TOWER,
IDUKKI RD. TEL : 04868 - 252070, 9961488906.
**ETTUMANOOR.**
H.NO. 796, 48/13, KANAKARI P.O. TEL. 0481-
2530177, 9847498905.

**ALAPPUZHA.**
LAKSHMI, NANGYARKULANGARA P.O.,
HARIPAD. TEL. 0479 - 2414188, 9947668860.
**THIRUVALLA.**
82/2, THIRUMOOLAPURAM P 0, M C ROAD.
TEL. 0469 - 2736185, 9847498903.
**THIRUVALLA WORKSHOP.**
26/56-5, ROCH SHIELD BLDG, 3.
RAMANCHIRA. TEL. 9947267458.
**KUMBAZHA.**
376(2), MARIA ARCADE. KUMBAZHA,
PATHANAMTHITTA. TEL. 0468 - 2333755,
9947089712.
**KOTTARAKARA WORKSHOP.**
BLDG No VI/61 A, M C ROAD,
NILAMEL P.O. TEL. 0474 - 2434364, 9847498902.
**TRIVANDRUM I - NEMOM.**
OLD KARAKHAMANDAPAM, PAPANAMKODU.
TEL. 0471 - 2491670, 9947678822.
**TRIVANDRUM II-MANGALAPURAM.**
M P/IX/73, MANGALAPURAM.
TEL. 0471 - 2420601, 9847498901.

*ആവശ്യമായിവന്നാൽ പോലും* എന്ന നിലപാടു സ്വീകരിക്കുകയായിരുന്നു. തുടർന്ന് മനസ്സില്ലാ മനസ്സോടെയെങ്കിലും 1859 ജൂലൈ 26ന് *സവർണർ ധരിക്കുന്ന വിധത്തിലല്ലാതെ മേൽവസ്ത്രം ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യം* അധഃസ്ഥിതർക്കു ലഭിച്ചു. വസ്ത്രധാരണം ഉൾപ്പെടെയുള്ള സ്വയംനിർണയാവകാശങ്ങൾക്കായി അധഃസ്ഥിതർ നടത്തിയ ഈ പോരാട്ട സമരങ്ങൾക്ക് നേതൃത്വം നിർവഹിച്ച അയ്യാവൈകുണ്ഠസ്വാമിയെപ്പോലുള്ള നവോത്ഥാന നായകരും എന്തുകൊണ്ടോ നമ്മുടെ *പ്രഖ്യാപിത ചരിത്ര രചനയ്ക്കിടയിൽ* സ്ഥാനം പിടിക്കാതെ പോയി. കേരള ചരിത്രത്തിലെ സുപ്രധാന ഏടായ ചാന്നാർ കലാപം അഥവാ മേൽമുണ്ടു സമരത്തിന്റെ വിജയഗാഥ 150 വർഷം പിന്നിടുകയാണ്. വാസ്തവത്തിൽ 19-ാം നൂററാണ്ടിലെ ദക്ഷിണേന്ത്യയിലെ നവോത്ഥാന സമര പോരാട്ടങ്ങൾക്കുള്ള തുടക്കം കുറിക്കലായിട്ടാണ് ചേലാകലാപത്തെ വായിക്കേണ്ടത്. കല്ലും മാലേം ബഹിഷ്കരിക്കൽ, ഘോഷാബഹിഷ്ക്കരണം, തോൽ വിറകുസമരം, കായലിൻ സമരം, അമ്മ വഴക്ക് തുടങ്ങി കേരളത്തിലെ സ്ത്രീ മുന്നേററ സമരങ്ങൾക്കുള്ള നാന്ദി കുറിക്കലായിരുന്നു ചേലാകലാപം.

അധീശ പ്രത്യയശാസ്ത്രത്തിനുള്ളിൽ അധികാരവും ഭരണകൂടവും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളെപ്പോലും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെങ്ങനെയെന്നതിന്റെ ചരിത്രസാക്ഷ്യമാണ് ചേലാസമരം. പുലയരും പറയരും ഒരു ചരടുകെട്ടി അതിൽ പുല്ലു കെട്ടിത്തൂക്കി മാനം മറച്ചിരുന്നു. (പത്തൊമ്പതാം നൂററാണ്ടിലെ കേരളം പി.ഭാസ്കരനുണ്ണി) എന്ന മട്ടിലായിരുന്ന കേരളത്തിന്റെ ഭൂതകാല ചരിത്രത്തിന്റെ നഗ്നയാഥാർത്ഥ്യത്തിൽ നിന്നും അഞ്ചരമുഴം തുണി ഒന്നായോ രണ്ടായി മുറിച്ചോ ധരിക്കുന്നതിന്റെ രാഷ്ട്രീയ ചിന്തയിലേക്ക് മലയാളി നടന്നു കഴിഞ്ഞിരിക്കുന്നു. മേലാളന്റെ മുന്നിലും സവർണാധികാരിയുടെ മുന്നിലും *വസ്ത്രം മാററി* ആദരവു പ്രകടിപ്പിക്കുന്ന വിധേയത്വത്തിൽ നിന്നും *ഭഗവാന്റെ* മുന്നിൽ *കാൽസരായി* ധരിക്കാൻ പാടില്ലാത്തവരായി മലയാളി പിരിവർത്തിക്കപ്പെട്ടു കഴിഞ്ഞിട്ടുമുണ്ട്. അപ്പോഴാണ് അധീശാധികാരത്തിനുള്ളിൽ അധികാരശക്തി ആവശ്യപ്പെടുന്നതരത്തിൽ വ്യക്തി അവന്റെ /അവളുടെ ശരീരത്തെപ്പോലും അനുനയിപ്പിക്കാൻ തയ്യാറാകും എന്നു നമ്മൾ മനസ്സിലാക്കുന്നത്. അധികാരത്തിന്റെ സൂക്ഷ്മബലതന്ത്രം സാമൂഹികശരീരത്തെ മാത്രമല്ല വ്യക്തിശരീരത്തെക്കൂടി നിയമങ്ങൾക്കും രീതികൾക്കും മുന്നിൽ തളച്ചിടുകയും അതൊരു തടവറയായിത്തീരുകയും ചെയ്യുന്നതിനെക്കുറിച്ചും ഫൂക്കോ പറയുന്നുണ്ട്. അതിധീരമായ സമരത്തിലൂടെ നേടിയെടുത്ത മനുഷ്യാവകാശങ്ങൾ എന്നതരത്തിലാണ് വർത്തമാന സമൂഹം നിലനിർത്തുന്നതെന്ന ആത്മപരിശോധനയ്ക്കുള്ള സമയം കൂടിയാണ് ഇതെന്നു നമുക്കോർക്കാം.

Vinodkumar Edachery
*RSM SNDP Yogam College, Koyilandy*



# EQUALITY

Carrying two or three
Fat books on her head
And propping them
With both hands
The three year old will say:
"This is fish"
At Sometime
She becomes a driver
An orator
Vendor of carrots
Or cucumber
Sings sweet songs
Dances to the rhythm
Of T.V songs
Picks up tiny stones
From the courtyard
Collects them in a jar
To sell comfits
At other times
Takes out her father's shirt
From the wardrobe
Wrings it with her soft hands
And as if in a frenzy
Beats it with all her might
Repeatedly
On the bed
For some more naive years
She will look through
This round-rimmed spectacles
But, what afterwards..........?

**പ്രമോദ് വെള്ളച്ചാൽ**
*എം.ജി.കോളജ്, ഇരിട്ടി*

# സിദ്ധാന്തം പ്രയോഗം ജീവിതം




ചിന്ത പബ്ലിക്കേഷൻസ്
വില. 50 രൂപ

മാർക്സിയൻ സൗന്ദര്യ ശാസ്ത്രത്തിലധിഷ്ഠിതമായ നിരൂപണത്തിൻെറ രീതി ശാസ്ത്രങ്ങളെല്ലാം പതുക്കെ പതുക്കെ ചരിത്രത്തിൻെറ പുറം പോക്കുകളിൽ നോക്കുകുത്തിയായി നിൽക്കുന്ന ഒരവസ്ഥ ഇന്ന് മലയാള സാഹിത്യ നിരൂപണരംഗത്തുണ്ട്. ചരിത്രപരവും വർഗ്ഗപരവുമായ ജീവിത വൈരുദ്ധ്യങ്ങളെ മനുഷ്യപക്ഷത്ത് നിന്ന് നിർദ്ധാരണം ചെയ്യുന്ന രീതി അന്യവത്ക്കരിക്കപ്പെടുകയും കലയുടെ മാനദണ്ഡങ്ങളെ സ്ഥാപിത മുതലാളിത്ത ഏജൻസികൾ നിർവ്വചിക്കുകയും ചെയ്യുന്ന കാലം ഒരു കെട്ടകാലം തന്നെയാണ്. വിപണിവൽക്കരിക്കപ്പെട്ട മുതലാളിത്ത സൗന്ദര്യശാസ്ത്രമാണ് ഇന്ന് ചരക്കു കപ്പലിൽ നങ്കൂരമിട്ട് ജീവിതത്തിൻെറ സകല തുറമുഖങ്ങളിലും പ്രത്യക്ഷപ്പെടുന്നത്. ആഗോളീകരണത്തിൻെറ നീതികരിക്കപ്പെടാനാവാത്ത യുക്തികൾ ചായം പൂശിയ മുഖാവരണങ്ങളുമായി അടിസ്ഥാന ജീവിതമൂല്യങ്ങളെ തന്നെ തകർന്ന് തരിപ്പണമാക്കിക്കൊണ്ടിരിക്കുമ്പോൾ വീണ്ടെടുപ്പിൻെറ ഒരു രാഷ്ട്രീയം സക്രിയവും സർഗാത്മകവുമായി ഇടപെടേണ്ട സാഹചര്യം എന്നെത്തേക്കാളും ഗാഢമായി ഇന്ന് നില നിൽക്കുന്നുണ്ട്. വർത്തമാന സാഹിത്യരംഗത്തെ അടയാളപ്പെടുത്തി, പുതിയ കവിതയെന്നും, പുതിയ കഥയെന്നും, നോവലെന്നും പറഞ്ഞ് പരസ്യപ്പെടുത്തുന്നത് ചരിത്രബോധവും ജീവിതബോധവും, സാഹിത്യബോധവുമുള്ള നിരൂപകരോ വായനക്കാരോ അല്ല, മറിച്ച് പുസ്തക പ്രസാധന രംഗത്തെ തെക്കൻ പെരുമകളാണ്. ഇത് ഉത്തരാധുനീകാനന്തര / നവകൊളോണിയൻ പ്രത്യയശാസ്ത്രങ്ങളെ ഉപാധികളില്ലാതെ ആവാഹിക്കാനുള്ള ചിന്താപരമല്ലാത്ത ഒരു വ്യായാമത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത് എന്ന വസ്തുത തുറന്ന് ചർച്ച ചെയ്യപ്പെടേണ്ട ഒന്നാണ്. ഈ സന്ദർഭത്തിൽ മലയാളികളുടെ അവബോധത്തെ ശക്തിപ്പെടുത്താനുനതകുന്ന മാർക്സിയൻ പ്രത്യയശാസ്ത്രരീതികൾ പ്രയോഗവൽക്കരിച്ച മഹാൻമാരായ എഴുത്തുകാരെ പരിചയപ്പെടുത്തിക്കൊണ്ട് പ്രൊഫ.വി.സുകുമാരൻ രചിച്ച പുസ്തകമാണ് *മാർക്സിയൻ സൗന്ദര്യശാസ്ത്രം നവസിദ്ധാന്തങ്ങൾ* പതിനാല് അധ്യായങ്ങളിലൂടെ അദ്ദേഹം സാക്ഷാത്കരിക്കുന്നത് മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിൻെറ ഉള്ളറകളാണ്.

അറിവിനെ തിരിച്ചറിവും തിരിച്ചറിവിനെ അനുഭൂതിയുമാക്കി മാററുന്ന രചനയുടെ അപൂർവ്വ സ്ഫുരണങ്ങൾ ധന്യമാക്കിയ പ്രോജ്ജ്വല സൃഷ്ടികളിലേക്കുള്ള ഒരു ഹ്രസ്വസഞ്ചാരമാണ് ഈ പുസ്തകം. കവിയും നാടകകൃത്തുമായ ബെർടോൾട് ബ്രഹററിനെക്കുറിച്ചാണ് ആദ്യത്തെ അധ്യായം. എപിക് തിയേററിൻെറ അവതരണം നിലവിലിരുന്ന പാശ്ചാത്യരംഗ സംസ്കാരത്തിൻെറ പൊളിച്ചെഴുത്ത്, ഒരു മോഡേണിസ്ററ് നാടക സിദ്ധാന്ത പദ്ധതിയുടെ പ്രക്ഷേപണം, പിന്നെ എണ്ണം പറഞ്ഞ രംഗപാഠങ്ങളുടെ സൃഷ്ടിയും കൊണ്ട് അടിയുറച്ച മാർക്സിസ്ററായി ജീവിച്ച ആളാണ് ബ്രെഹററ്. നാടകവേദിയിലും സൈദ്ധാന്തിക വിമർശനത്തിലും, മാർക്സിയൻ വിചാര വിപ്ലവത്തിൻെറ മായാത്ത കാൽപാടുകൾ പതിപ്പിച്ച വ്യക്തിയാണ് ബ്രട്ടോൾട് ബ്രഹ്ററ് - ബൂർഷ്വാ- ഇല്യൂഷനിസ്ററ്- എസ്കേപ്പിസ്ററ് നാടകവേദികളെ ബ്രഹററിയൻ മറുപടിയായിട്ടാണ് മായാവിരുദ്ധത (Anti-Illusionism) മുഖ മുദ്രയായിട്ടുള്ള അദ്ദേഹത്തിൻെറ എപ്പിക്ക് തിയേററർ വിലയിരുത്തപ്പെട്ടിട്ടുള്ളത്.

*അന്റോണിയോ ഗ്രാംഷി- ഹിഗെമെനിയുടെ പ്രയോക്താവ്* എന്ന അദ്ധ്യായം അധികാര പ്രത്യയശാസ്ത്രം എങ്ങിനെ അതിൻെറ സാം

സ്കാരിക മേധാവിത്തം കൊണ്ട് വർദ്ധകവ്യവസ്ഥിതിയെ താങ്ങി നിർത്തുന്നു എന്ന അന്വേഷണമാണ്. 1926 ൽ റെജിനാ കോയ്‌ലി എന്ന ജയിലിൻ ഗ്രാംഷിയെ ഫാഷിസ്റ്റ് ഭരണകൂടം ഇരുപത് കൊല്ലം, നാല് മാസം, അഞ്ച് കൊല്ലം തുറുങ്കിലടച്ചിരുന്നു. സുദീർഘമായ ഈ ജയിൽവാസകാലത്താണ് പിന്നീട് ലോക പ്രശസ്തമായ അദ്ദേഹത്തിന്റെ *പ്രിസൺ നോട്ട് ബുക്സ്* രചിക്കപ്പെട്ടത്. ഹെഗമെനി (hegemony) എന്ന ആശയത്തിന്റെ രൂപഭാവങ്ങളെക്കുറിച്ച് ഗ്രാംഷി നടത്തിയിട്ടുള്ള ആഴത്തിലുള്ള പഠനമാണ് സാംസ്കാരിക സിദ്ധാന്ത വിചാരത്തിന് അദ്ദേഹം നൽകിയ കാതലായ സംഭാവന. മാർക്സിൻേറയും ഏംഗൽസിന്റെയും ലെനിന്റെയും ലൂക്കാച്ചിന്റെയും എഴുത്തുകളിൽ നിന്നാണ് Hegemony എന്ന ആശയത്തിലേക്ക് അദ്ദേഹം എത്തിച്ചേരുന്നത്. ഓരോ വർഗവും അതിന്റെ ജൈവ ബുദ്ധിജീവികളെ (Organic Intellectuals) സൃഷ്ടിക്കുന്നു. ഈ ജൈവ ബുദ്ധിജീവികളാണ് വർഗസംഘാടകർ ആയി പ്രവർത്തിക്കുന്നത്. അധീശവർഗത്തിന്റെ ഓർഗാനിക് ബുദ്ധിജീവികളാണ് സമൂഹത്തിന്റെ സദാചാരപരവും ബൗദ്ധികവുമായ ജീവിതത്തിന്റെ നവീകരണം നിശ്ചയിക്കുന്നത്. ഫ്രെഞ്ച് ചിന്തകനായ അൻത്തുനെ, ഇററാലിയൻ ചിന്തകനായ ഗ്രാംഷിയിൽ നിന്നും കടം കൊണ്ടതാണ് Ideological State apparatus (ISA) Repressive State apparatus (RSA) തുടങ്ങിയ പരികൽപനകൾ എന്ന് വി.സുകുമാരൻ നിരീക്ഷിക്കുന്നുണ്ട്.

*മാർക്സിസ്റ്റ് ഫെമിനിസത്തിന്റെ പരിപ്രേക്ഷ്യം* എന്ന അദ്ധ്യായം മാർക്സിസത്തേയും ഫെമിനിസ്റ്റ് ആശയങ്ങളെയും ബന്ധിപ്പിക്കുന്ന അന്വേഷണമാണ്. ഘനമുള്ള ആശയങ്ങളെ തദ്ദേശീയമായി അവതരിപ്പിക്കുമ്പോൾ സഹജമായ നർമ്മബോധത്തോടുകൂടിയാണ് വി.സുകുമാരൻ കാര്യങ്ങൾ പറയുന്നത്. *ആദി സമൂഹങ്ങളിൽ അമ്മ വാഴ്ചയായിരുന്നു. ഇക്കാര്യം എംഗൽസ് വിശദമായി വ്യാഖ്യാനിച്ചിട്ടുണ്ട്. പിന്നീട് തറവാടിന്റെ താക്കോൽ കൂട്ടം കാളിയമ്മയുടെ കൈയ്യിൽ നിന്ന് കോന്തുണ്യാര് സൂത്രത്തിൽ കരസ്ഥമാക്കുകയാണുണ്ടായത്.* മാർക്സിസ്റ്റ് ഫെമിനിസം ചരിത്രാവബോധത്തേയും വർഗസമര സിദ്ധാന്തത്തെയും വർത്തമാന യാഥാർത്ഥ്യങ്ങളെയും ഇണക്കിച്ചേർക്കുന്ന സമഗ്ര സമീപനമാണ് സ്വീകരിക്കുന്നതെന്നും ലിംഗസമത്വം എന്ന ആശയത്തിന്റെ ഉദാരവും സർവ്വതലസ്പർശിയുമായ വ്യാഖ്യാനമാണ് സോഷ്യലിസ്റ്റ് സ്ത്രീപക്ഷവിചാരം സ്വീകരിക്കുന്നതെന്നും നമുക്ക് കാണാൻ സാധിക്കും.

മാർക്സിസം വിലക്കപ്പെട്ട കനിയായി കരുതുന്ന ബുഷിന്റെ നാട്ടിൽ നിന്നുമാണ് ഫ്രെഡറിക് ജയിംസൺ വരുന്നത് എന്നത് രസകരമായ വാർത്തയാണ്. നോം ചോംസ്കിയെപ്പോലെ അമേരിക്കൻ ശൈത്യത്തെ അതിജീവിച്ചുകൊണ്ട് ഭരണകൂട താത്പര്യത്തിന് വിരുദ്ധമായ നിലപാടാണ് ജയിംസൺ മുന്നോട്ട് വെയ്ക്കുന്നത്. Marxism and form: Twentieth Century Dialectical Theories of Literature, The Prison House of Language: A Critical Account of Structuralism and Russian Formalism തുടങ്ങിയ കൃതികൾ ജയിംസൺ എഴുതിയ വിഖ്യാതഗ്രന്ഥങ്ങളാണ്. The Political Unconscious: Narrative as a Socially Symbolic Act എന്ന കൃതി മാർക്സിസ്റ്റ് വിമർശന സാഹിത്യത്തിലെ നാഴികക്കല്ല് എന്ന് വിശേഷിപ്പിക്കാവുന്ന മൗലിക പാഠമാണ്. ഈ ഗ്രന്ഥത്തിലാണ് Always historicise (എപ്പോഴും ചരിത്രവൽക്കരിക്കുക) എന്ന പ്രശസ്ത മുദ്രാവാക്യത്തോടെയാണ് ഈ പുസ്തകം ആരംഭിക്കുന്നത്. പോസ്റ്റ് മേഡേണിസത്തോടുള്ള ജയിംസന്റെ സമീപനത്തിൽ മാർദ്ദവം കൂടിപ്പോയോ എന്ന് സംശിക്കുമ്പോഴും ഒരു വലിയ മാർക്സിസ്റ്റ് ചിന്തകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവനകളെ വില കുറച്ചു കാണാനാവില്ല എന്ന് വി.സുകുമാരൻ പറയുന്നു.

*റെയിമൺസ് ഹെൻറി വില്ല്യംസ് സാംസ്കാരിക ഭൗതികവാദത്തിന്റെ മൂത്താശാരി* എന്ന അദ്ധ്യായം കൾച്ചറൽ മെററീരിയലിസം എന്ന സൈദ്ധാന്തിക നിർമ്മിതിയെക്കുറിച്ചുള്ളതാണ്. സംസ്കാരം രാഷ്ട്രീയമാണ് എന്ന നിലപാടിൽ ഉറച്ചു നിൽക്കുന്നയാളാണ് റെയിമൺസ് വില്ല്യംസ്. സാംസ്കാരവും പ്രത്യയശാസ്ത്രവും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചാണ് അദ്ദേഹത്തിന്റെ സൂക്ഷ്മമായ അപഗ്രഥനങ്ങൾ.

*ഫ്രാങ്ക്ഫർട്ട് കളരിയും കുറുപ്പൻമാരും* എന്ന അദ്ധ്യായത്തിൽ പ്രധാനപ്പെട്ട ചിന്തകരെ അവതരിപ്പിക്കുന്നുണ്ട്. കാൾ ഗ്രുൺബെർഗ് (Carl Granberg) മാക്സ് ഹോർക്കൈമർ (Marx Horkheimer) നിയോഡർ അടർണോ (Theodor Adorno) വാൾട്ടർ ബഞ്ചമിൻ (Walter Benjamin) ഹെർബർട്ട് മാർക്യൂസ് (Herbert Marcuse) എന്നീ പ്രഗത്ഭരാണ് ഫ്രാങ്ക്ഫർട്ട് പ്രസ്ഥാനത്തിന്റെ പ്രധാന നേതൃത്വം. തുടക്കം മുതലേ ഹെഗേലിയൻ മാർക്സിസത്തേയും ഫ്രോയിഡിയൻ അപഗ്രഥനത്തേയും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു വിശകലന സമ്പ്രദായമാണ് ഫ്രാങ്ക്ഫർട്ട് സ്കൂൾ മൊത്തത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം.

*മാർക്സിസ്റ്റ് സാഹിത്യദർശനം ഒരു മുഖക്കുറിപ്പ്* എന്ന അദ്ധ്യായം മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ കാതലായ അടിസ്ഥാനങ്ങളെ പരിശോധിക്കുന്നുണ്ട്. ഗയൊക്ക് ലൂക്കാച്ച് (Georg Lukacs) ലൂയി പിയറെ അൽത്തൂസർ (Louis Pierre Althusser) തുടങ്ങിയവരുടെ സമഗ്രമായ ഇടപെടലുകൾ സമർത്ഥമായി ഇവിടെ പരിശോധിക്കപ്പെടുന്നുണ്ട്. സാഹിത്യ സിദ്ധാന്ത ചർച്ചയിലെ ഏററവും ശ്രദ്ധേയമായ മാർക്സിസ്റ്റ് ശബ്ദമായ ടെറി ഈഗിൾടൺ, സാഹിത്യ സിദ്ധാന്തം, ലാവണ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ വിപുലമായി എഴുതിയ സാംസ്കാരിക നിരൂപകനാണ്. ഘടനാപരമായ മാർക്സിസ്റ്റ് വിചാരസംഹിതക്ക് ഈഗിൾടൺ നൽകിയ പരമപ്രധാനമായ സംഭവനയാണ് Criticism and Ideology എന്ന പ്രാമാണിക ഗ്രന്ഥം. The Idelogy of Aesthetic, Literary Theory And Introduction, The Significance of Theory, Criticism is the Twilight Zone: Post Modern Perspectives in literature and Politics, After Theory തുടങ്ങിയ രചനകൾ നവമാർക്സിയൻ പഠനങ്ങളെ പുഷ്ക്കലമാക്കിയ സംഭാവനകളാണ്.

ലൂഷ്യൻ ഗോൾഡ്മൻ, വിയെ മാഷ്റെ, മിഷേൽ ഫൂക്കോ, നീത്ഷേ, എഡ്വേഡ് സെയ്ദ് തുടങ്ങിയവരുടെ നിസ്തുലമായ പഠനങ്ങളും കാഴ്ചപ്പാടുകളും ഈ പുസ്തകത്തിൽ സൂക്ഷ്മമായി വിലയിരുത്തപ്പെടുന്നുണ്ട്. ചരിത്ര വിമർശനത്തിനും പാഠ വിമർശനത്തിനും നിദാനമായ tools ഫലപ്രദമായി ഉപയോഗിക്കാൻ പ്രാപ്തമാക്കുന്ന നവസിദ്ധാന്തങ്ങളാണ് മാർക്സിയൻ സൗന്ദര്യശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യപ്പെടുന്നത്. തീർച്ചയായും ആഖ്യാനത്തിന്റെ ലാളിത്യവും അവതരണത്തിലെ പ്രാദേശിക ഭാഷാ പ്രയോഗങ്ങളും ഈ കൃതിയെ കൂടുതൽ വായനോൻമുഖമാക്കുന്നുണ്ട് എന്ന് നിസ്സംശയം പറയാം.

# CURRENT BOOKS THRISSUR

**ROUND WEST ,THRISSUR 680 001**
**PH: 0487-2335660,FAX:0487-2335642**

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature,

Fiction, Drama, Cinema, Journalism, Poetry,

Philosophy, Psychology, Sociology, Politics,

History, Economics, Commerce, Mathematics,

Botany, Zoology, Chemistry, Physics, Medical,

Computer, Engineering, Law, Electronics,

Mechanical, Civil, Chemical Engineering,

Veterinary, Agriculture, Aquaculture, etc.

# COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

**കെ. എസ്. ജയചന്ദ്രൻ**
*എസ്.കെ.വി. കോളജ്, തൃശ്ശൂർ*
*കൺവീനർ, എ.കെ.പി.സി.ടി.എ സർവ്വീസ് സെൽ*

# സമരക്കാലം റെഗുലറൈസേഷൻ

എ.കെ.പി.സി.ടി.എയുടെ ആഭിമുഖ്യത്തിൽ ചെയ്ത സമരദിവസങ്ങൾ റെഗുലറൈസ് ചെയ്യപ്പെടേണ്ടതാണ് അതിനുള്ള ഉത്തരവുകൾ ഗവൺമെൻറ് പലപ്പോഴായി പുറപ്പെടുവിച്ചിട്ടുണ്ട്. ചില സമരദിവസങ്ങൾ ഡയസ്നോൺ ആയി പരിഗണിക്കാനാണ് ഗവൺമെൻറ് ആവശ്യപ്പെട്ടിരിക്കുന്നത്. പല സമരദിവസങ്ങളും അർഹതയുള്ള ലീവെടുത്ത് റെഗുലറൈസ് ചെയ്യാവുന്നതാണ്. സമരദിവസങ്ങളും അത് റെഗുലറൈസ് ചെയ്യുന്നതിനുള്ള ഗവൺമെൻറ് ഉത്തരവിൻെറ നമ്പറും താഴെ കൊടുക്കുന്നു.

| Sl.No. | Date From | To | Government Order Number& Date | Nature of Regularisation |
|---|---|---|---|---|
| 1 | 20.08.2008 | One day | GO(P) No 386/2008/GAD dated 16.12.2008 | Eligible Leave/CL |
| 2 | 21.07.2008 | One day | GO(P) No 300/2002/GAD dated 4.9.2008 | Eligible Leave/CL |
| 3 | 30.10.2007 | One day | GO(P) No 520/2007/GAD dated 27.11.2007 | Eligible Leave/CL |
| 4 | 14:12.2006 | One day | GO(P) No 385/2006/GAD dated 29.12.2006 | Eligible Leave/CL |
| 5 | 13.06.2006 | One day | GO(P) No 199/2006/GAD dated 18.07.2006 | Eligible Leave/CL |
| 6 | 29.09.2005 | One day | GO(P) No.376/2005/GAD dated18.10.2005 | Dies non |
| 7 | 05.07.2005 | One day | GO(P)No 34/2002/GAD dated 23.1.2002 | Dies non |
| 8 | 01.12.2004 | One day | GO(P)No 34/2002/GAD dated 23.1.2002 | Dies non |
| 9 | 06.08.2002 | One day | GO(P)No 34/2002/GAD dated 23.1.2002 | Dies non |
| 10 | 06.02.2002 | 8.03.2002 | GO(P)No 34/2002/GAD dated 23.1.2002 | Dies non |
| 11 | 10.01.2002 | One day | GO(P)No 34/2002/GAD dated 23.1.2002 | Dies non |
| 12 | 22.11.2001 | One day | GO(P)425/2002/GAD dated 23.12.2002 | Eligible Leave |
| 13 | 25.07.2001 | One day | GO(P)425/2002/GAD dated 23.12.2002 | Eligible Leave |
| 14 | 12.03.2001 | One day | GO(P)179/2001/GAD dated 18.4.2001 | Eligible Leave |
| 15 | 10.01.2001 | One day | GO(P)281/01/GAD dated 4.8.2001 | Eligible Leave |
| 16 | 01.11.2000 | One day | GO(P)392/2001/GAD dated 20.10.2001 | Eligible Leave |
| 17 | 18.10.2000 | One day | GO(MS)No.51/2002/H.Edn dated 18.10.00 | Eligible Leave |
| 18 | 04.10.2000 | One day | GO(P)624/2000/GAD dated 16.11.2000 | Eligible Leave |
| 19 | 09.02.1999 | One day | GO(P)347/99/GAD dated 19.6.1999 | Eligible Leave |
| 20 | 11.08.1998 | 2.09.98 | GO(MS)No.124/98/H.Edn dated 9.10.1998 | Treated as duty* |
| 21 | 11.12.1998 | one day | GO(P)658/98/GAD dated 31.12.1998 | Eligible Leave |
| 22 | 09.12.1997 | one day | GO(MS)No.135/2001/H.Edn dated 12.10.01 | Eligible Leave |
| 23 | 08.11.1995 | one day | GO(Rt) No.1218/97/H.Edn dated 8.10.1997 | Eligible Leave |
| 24 | 26.10.1995 | One day | GO(Rt) No.1218/97/H.Edn dated 8.10.1997 | Eligible Leave |
| 25 | 24.07.1995 | One day | GO(Rt) No.1218/97/H.Edn dated 8.10.1997 | Eligible Leave |
| 26 | 29.09.1994 | One day | GO(P)352/95/GAD dated 27.9.1995 | Eligible Leave |
| 27 | 01.11.1994 | One day | GO(Rt) No.352/98/H.Edn dated 23.3.1998 | Eligible Leave |
| 28 | 09.09.1993 | One day | GO(P)181/95/GAD dated 13.6.1995 | Eligible Leave |
| 29 | 28.07.0993 | One day | GO(Rt) No.1218/97/H.Edn dated 8.10.1997 | Eligible Leave |
| 30 | 28.10.1992 | One day | GO(P)247/1994/GAD dated 8.08.94 | Treated as duty** |
| 31 | 07.03.1990 | 21.03.90 | GO(MS)NO.11/91/H.Edn dated 17.1.1991 | Eligible Leave |

*Under the condition that they will work on equal number of Saturdays
**Treated as duty except for pay and allowances


പ്രൊഫ. കെ. എസ്. ജയചന്ദ്രൻ
ശോഭന, മണ്ണുത്തി പി.ഒ., തൃശ്ശൂർ- 680 651, ഫോൺ: 0487-2371971


ഡോ. എ. ആർ. വിജയകുമാർ
സെൻറ് മേരീസ് കോളജ്, സുൽത്താൻബത്തേരി



# വൃത്തി

നിലത്തെഴുത്തുപോലെ
ശബ്ദമില്ലാതെ നിലം തുടയ്ക്കാൻ
അവൾക്കറിയം.
ജലക്ഷാമത്തിൻെറ പ്രവചനം
വകവയ്ക്കാത്ത കണ്ണുകൾ
കൂർപ്പിച്ചാണ്
നിലം തുടയ്ക്കുന്നത്.
നിലത്തെഴുതിയതും
മതിലിൽ വരച്ചതും, തുടച്ചു മിനുക്കി
വാശിയോടെ മുന്നേറുകയാണ്.
അവൾക്കറിയാം
കണ്ണിൻെറ കാഴ്ചയും,
നിഴലും തമ്മിലാണ്, മത്സരം



ആലപ്പുഴ

# വനിതാ സമ്മേളനം




എ.കെ.പി.സി.ടി.എ ആലപ്പുഴ ജില്ലാ വനിതാ സമ്മേളനം 2009 ഒക്ടോബർ 31 ന് കായംകുളം എം.എസ്.എം. കോളജിൽ നടന്നു. സംസ്ഥാന വനിതാ കൺവീനർ ഡോ.ലേഖാ നരേന്ദ്രൻ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രൊഫ. എസ്.ആമിനയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. പി.രഘുനാഥ്, സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ.ആർ.ബി.രാജലക്ഷ്മി, ജില്ലാ സെക്രട്ടറി പ്രൊഫ.പി.ജി.സുകുമാരൻ നായർ തുടങ്ങിയവർ ആശംസകളർപ്പിച്ചു. സമ്മേളനത്തോടനുബന്ധിച്ചു നടന്ന സെമിനാറിൽ എ.കെ.ജി.സി.ടിയുടെ സംസ്ഥാന വനിതാ കൺവീനർ ഡോ.പി.എസ്. ശ്രീകല പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ.പി.ഷീല സ്വാഗതവും പ്രൊഫ.ശ്രീജയ കൃതജ്ഞതയും പറഞ്ഞു.

# ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം



എ.കെ.പി.സി.ടി.എ ആലപ്പുഴ ജില്ലാ കമ്മിററിയുടെയും, ജില്ലാ അക്കാദമിക് കമ്മിററിയുടെയും ആഭിമുഖ്യത്തിൽ സെമസ്ററൈസേഷൻ, ചോയ്സ് ബേയ്സ്ഡ് ക്രഡിററ് സിസ്ററം, ഗ്രേഡിംഗ് എന്നിവയെക്കുറിച്ചുള്ള ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം 20.11.2009 ശനിയാഴ്ച ആലപ്പുഴ എസ്.ഡി കോളജിൽ വെച്ച് നടന്നു.

ജില്ലാ കമ്മിററി പ്രസിഡൻറ് പ്രൊഫ.ടി.എം.സുകുമാരബാബു അദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ.പി.രഘുനാഥ് ഉദ്ഘാടനം നിർവ്വഹിച്ചു.കേരള സർവ്വകലാശാല സിൻഡിക്കേററ് അംഗങ്ങളായ ഡോ.സിറിൾ ജോൺസൺ, പ്രൊഫ.ചാണ്ടപ്പിള്ള പണിക്കർ എന്നിവർ ആശംസകൾ അർപ്പിച്ചു. ജില്ലാ സെക്രട്ടറി പ്രൊഫ.പി.ജി.സുകുമാരൻ നായർ സ്വാഗതവും, ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ.ജി.നാഗേന്ദ്രപ്രഭു കൃത്ജ്ഞതയും രേഖപ്പെടുത്തി.

'ബിരുദതല പുനഃസംഘാടനം' എന്ന വിഷയത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന അക്കാദമിക് കമ്മിററി കൺവീനർ പ്രൊഫ. എ.എസ്.വർഗീസ് ക്ലാസ്സെടുത്തു. പ്രൊഫ പി.ദേവാനന്ദ് മോഡറേററായിരുന്നു. അതിനുശേഷം *ഗ്രേഡിങ്ങും ഇവാലുവേഷനും* എന്ന വിഷയത്തിൽ പ്രൊഫ. പി.ജി.സുകുമാരൻ നായർ ക്ലാസെടുത്തു. പ്രൊഫ.വി.ഐ ജോൺസൺ മോഡറേററായിരുന്നു. ജില്ലാ ട്രഷറർ ഡോ.പ്രദീപ് കൃതജ്ഞത രേഖപ്പെടുത്തി. കേരള സർവ്വകലാശാലയിൽ അടുത്ത അക്കാദമിക് വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചോയിസ് ബേയ്സ്ഡ് ക്രഡിററ് ആൻറ് സെമസ്ററർ സിസ്ററം, ഗ്രേഡിംഗ് എന്നീ സംവിധാനങ്ങളെക്കുറിച്ച് ജില്ലയിലെ അധ്യാപകർക്ക് അറിവ് പകരാനാണ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തിയത്. ജില്ലയിലെ വിവിധ കോളജുകളിൽ നിന്നുള്ള 50 ഓളം അധ്യാപകർ പങ്കെടുത്തു.

**കോട്ടയം- ഇടുക്കി**

# വനിതാ സമ്മേളനം

കോട്ടയം-ഇടുക്കി ജില്ലാ വനിതാ സമ്മേളനം 26.9.2009ന് സി എം എസ് കോളജിൽ നടന്നു. തിരുവനന്തപുരം നഗരസഭാ കൗൺസിലർ പ്രൊഫ. എം.പി. ലളിതാഭായി സമ്മേളനം ഉദ്ഘാടനം ചെയ്തു.

വിദ്യാഭ്യാസരംഗത്തും മററു തൊഴിൽ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചു വരികയാണ്. എന്നാൽ സംഘടനാ പ്രവർത്തനങ്ങളിലും സാമൂഹ്യ-സാംസ്കാരിക-ഭരണരംഗങ്ങളിലും സാമൂഹ്യപ്രതിബദ്ധത പ്രകടിപ്പിക്കുന്നതിൽ അവർ പിന്നോക്കം പോവുകയാണെന്ന് ലളിതാഭായി പറഞ്ഞു. സ്ത്രീകൾ കർമ്മമേഖലയിൽ പൊരുതി നേടേണ്ട അവകാശങ്ങളെക്കുറിച്ചും സ്ത്രീശാക്തീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും അവർ ഉദ്ബോധിപ്പിച്ചു.

കോട്ടയം ജില്ലാ പഞ്ചായത്തംഗം ശ്രീമതി ഫ്ളോറി മാത്യു മുഖ്യ പ്രഭാഷണം നടത്തി. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ നേരിടുന്ന അവശതകളെക്കുറിച്ചും ജീവിതത്തിന്റെ വഴിത്താരയിൽ കുടുംബിനി സാമൂഹ്യപ്രതിബദ്ധത കൈവരിക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചും അവർ സവിസ്തരം പ്രതിപാദിച്ചു.

കോട്ടയം-ഇടുക്കി ജില്ല വനിതാ കൺവീനർ ഡോ.പി.എസ്.ഗീതാകുമാരി അധ്യക്ഷതവഹിച്ചു. പ്രൊഫ. അന്നമ്മ ജോർജ്ജ് ഡോ. ആലീസ് കെ.തോമസ് എന്നിവർ സംസാരിച്ചു. വിവിധ കോളജുകളിൽ നിന്നുമുള്ള അധ്യാപികമാരുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു.

തുടർന്ന് വിവിധ വിഷയങ്ങളെക്കുറിച്ച് പ്രൊഫ.കെ.എസ്.ജയചന്ദ്രൻ, ഡോ.കെ.പി സുകുമാരൻനായർ പ്രൊഫ.എ.എസ് വർഗീസ്, പ്രൊഫ.കെ. രാധാകൃഷ്ണൻനായർ തുടങ്ങിയ സംഘടനാ നേതാക്കൾ സംസാരിച്ചു.

**മലപ്പുറം**

# വനിതാ സംഗമം




എ.കെ.പി.സി.ടി.എ മലപ്പുറം ജില്ല വനിതാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ കോളജ് അദ്ധ്യാപികമാരുടെ സംഗമം 2009 ഒക്ടോബർ 23 ന് കോട്ടയ്ക്കൽ ആയുർവ്വേദ കോളജിൽ നടന്നു. സംഗമം സംസ്ഥാന വനിതാ കമ്മീഷൻ അംഗം ശ്രീമതി. പി.കെ. സൈനബ ഉദ്ഘാടനം ചെയ്തു. തൊഴിൽരംഗത്ത് സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി അഡ്വ. സുജാതാ വർമ്മ മുഖ്യപ്രഭാഷണം നടത്തി. ഡോ. വി. ഇ. ജെ. എലിസബത്ത്, ഡോ. കെ. കെ. ബാലചന്ദ്രൻനായർ, ഡോ. കെ. ഇ. ജോർജി എന്നിവർ സംഗമത്തിന് ആശംസകൾ അർപ്പിച്ചു. മലപ്പുറം ജില്ല വനിതാ കമ്മിററി കൺവീനർ ഡോ. സായുദേവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. എൻ. ജെ. ജീന സ്വാഗതവും, ഡോ. ടി. കെ. ശ്രീധരൻ നന്ദിയും രേഖപ്പെടുത്തി.

# കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ 27.07.2009 ന് രാവിലെ 11.30ന് ചേർന്ന സ്വകാര്യ കോളജ് അധ്യാപകരുടെ സംഘടനാ പ്രതിനിധികളുടെ യോഗത്തിന്റെ മിനിട്സ്

1. സംഘടനകളുമായി ഇതിന് മുൻപ് 14.11.2008 ന് നടന്ന ചർച്ചയുടെ മിനിട്സിൽ നിന്ന് എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ല എന്ന് പ്രതിനിധികൾ പരാതിപ്പെട്ടു. കഴിഞ്ഞ യോഗ തീരുമാനങ്ങൾ ഓരോന്നായി പുനഃപരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചു.
2. യു.ജി.സി സ്കെയിലിൽ അഡ്വാൻസ് ഇൻക്രിമെൻറുകൾ നൽകുന്നത് സംബന്ധിച്ച അപാകതകൾ പരിശോധിക്കണം എന്ന വിഷയത്തിൽ സർക്കാർ ഉത്തരവുകൾ ആവശ്യമാണെന്നും സംഘടനകൾ നിവേദനം നൽകുകയാണെങ്കിൽ സർക്കാർ നിർദ്ദേശത്തിനായി അയക്കാം എന്ന് ഡയറക്ടർ മറുപടി നൽകി.
3. ഇൻെറർ ഡിസിപ്ലിനറി ഗവേഷണ പരിപാടികൾ ഇൻക്രിമെൻറിന് പരിഗണിക്കണമെന്ന് സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു. ഈ കാര്യത്തിൽ എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഒരുപോലെ ബാധകമായ നിർദ്ദേശം നൽകുന്നതാണെന്ന് മറുപടി നൽകി.
4. 98-99, 99-2000, 2001-2002 എന്നീ വർഷങ്ങളിൽ അനുവദിച്ച കോഴ്സുകൾക്ക് തസ്തികകൾ അനുവദിക്കുന്ന കാര്യത്തിലെ കാലതാമസം പരിശോധിക്കണം എന്ന് സംഘടനാ പ്രതിനിധികൾ യോഗത്തിൽ ആവശ്യമുയർത്തി. മേൽ വിഷയം പരിശോധിക്കാൻ അദാലത്ത് നടന്നു കഴിഞ്ഞു. മററു നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതിൽ എത്രയും പെട്ടെന്ന് അന്തിമ തീരുമാനമുണ്ടാകും. സബ്സിഡിയറി വിഷയങ്ങളിൽ വർക്ക് ലോഡ് പരിഗണിക്കുന്ന കാര്യത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കുന്നതാണ്. നിലവിലുള്ള തസ്തികകൾ ഇല്ലാതാവുകയില്ല. പരാതികൾ സർക്കാർ പരിഗണനയ്ക്കായി നൽകാം എന്ന് മറുപടി നൽകി.
5. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്ന രീതി പരിഗണിക്കാമോ എന്ന വിഷയത്തിൽ യുണിവേഴ്സിററിയുടെയും സർക്കാരിന്റെയും തീരുമാനം ആവശ്യമാണ് എന്ന് ഡയറക്ടർ അറിയിച്ചു.
6. സെമസ്ററർ സമ്പ്രദായം നടപ്പിലാക്കുമ്പോഴും മററും വെക്കേഷൻ ലഭിക്കുന്നില്ല. ഇതിന് ആർജ്ജിത അവധി അനുവദിക്കേണ്ടതാണ്. അധ്യാപകർ അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് കോമ്പൻസേഷൻ അനുവദിക്കുന്നില്ല എന്നീ പരാതിയിൻമേൽ സർക്കാർ തീരുമാനത്തിനായി ഒരു പ്രൊപ്പോസൽ അയക്കുന്നതാണെന്ന് ഡയറക്ടർ അഭിപ്രായപ്പെട്ടു.
7. ഒരു വർഷത്തിൽ 30 ദിവസത്തിൽ കൂടുതൽ ഡ്യൂട്ടി ലീവ് അനുവദിക്കാൻ പാടില്ലാത്തതുകൊണ്ട് അതിൽ കൂടുതൽ ദിവസം ഡ്യൂട്ടി ലീവ് എടുക്കുന്ന അധ്യാപകരുടെ ശമ്പള ബില്ലുകൾ ചില മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ കൗണ്ടർ സൈൻ ചെയ്യുന്നില്ല. പരീക്ഷാ ഡ്യൂട്ടികൾ ഈ 30 ദിവസത്തിൽ കൂടാൻ പാടില്ലാ എന്നും ആവശ്യപ്പെട്ടു. ഈ കാര്യം പരിശോധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുതിയ സർക്കുലർ ഇറക്കുന്നതാണെന്ന് മറുപടി നൽകി.
   5 വർഷത്തികം ആർജ്ജിത അവധി ബില്ലുകൾ ഡെപ്യൂട്ടി ഡയറക്ടർമാർ കൗണ്ടർ സൈൻ ചെയ്യേണ്ടതാണ് എന്നാണെങ്കിലും റിട്ടയർ ചെയ്യാൻ പോകുന്ന ചില അധ്യാപകരുടെ കാര്യത്തിൽ ഒരു പ്രാവശ്യം റിലാക്സേഷൻ നൽകുന്ന കാര്യം പരിശോധിക്കാമെന്ന് അറിയിച്ചു.
8. പി.എഫ് ക്രെഡിററ് കാർഡ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ലാ എന്ന് സംഘടനാ പ്രതിനിധികൾ പരാതിപ്പെട്ടു. ഇതിനായി പുതിയ നടപടികൾ എടുത്തുവരുന്നുണ്ട് എന്നും വർക്ക് ലോഡ് ഭാഗിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട് എന്നും മറുപടി നൽകി. ഇത് ത്വരിതപ്പെടുത്താൻ ബദൽ നടപടിക്രമങ്ങളും ആയിട്ടുണ്ട്.
9. റിഫ്രഷർ കോഴ്സുകൾക്ക് പോകുന്നതിന് മുൻകൂർ അനുവാദം കിട്ടാൻ കാലതാമസം ഉണ്ടാകുന്നു. അതിനാൽ ബുദ്ധിമുട്ട് നേരിടുന്നു എന്ന പരാതി സംഘടനാ പ്രതിനിധികൾ ഉന്നയിച്ചു. കോഴ്സിന് പോകാൻ പ്രിൻസിപ്പാൾ അനുവദിച്ചശേഷം റാററിഫിക്കേഷൻ നൽകണമെന്ന് അറിയിച്ചു.
10. അധ്യാപകർക്ക്, സ്പെഷ്യൽ കൺവേയൻസ് അലവൻസ് ലഭിക്കാത്തത് പരിശോധിക്കണം എന്ന ആവശ്യത്തിന്മേൽ വിഷയം പരിശോധിക്കാമെന്ന് മറുപടി നൽകി.
11. ശമ്പളബില്ലിൽ ഇൻകം ടാക്സ് കുറയ്ക്കുന്നത് സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർമാർ ഒബ്ജക്ഷൻ നൽകുന്നത് പരിശോധിക്കണം. ഇത് കാരണം ശമ്പള ബില്ലുകൾ താമസിക്കുന്നുണ്ട്. ഇൻകം ടാക്സ് അസസ്മെൻറ് ഡി ഡിമാർ പരിശോധിക്കേണ്ടതില്ല എന്ന പരാതിക്കാധാരമായ വിഷയം പുനഃപരിശോധിക്കുന്നതാണ്.
12. മേററർണിററി ലീവ് 6 മാസമായതിനാൽ ഇത്തരം ഒഴിവുകളിൽ ഗസ്ററ് ലക്ചറർ നിയമനം നടത്തുന്നത് അനുവദിക്കുന്നില്ല എന്ന വിഷയത്തിൽ ഇതിൻമേൽ സർക്കാർ നിർദ്ദേശം പരിശോധിച്ചു മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ.
13. സുഗമമായ പ്രവർത്തനത്തിനും പ്രശ്ന പരിഹാരം നടത്തി മുന്നോട്ട് പോകാനും ഇത്തരം യോഗങ്ങൾ തുടർച്ചയായി നടത്തണം എന്ന സംഘടനാ പ്രതിനിധികളുടെ ആവശ്യം പരിശോധിക്കാമെന്ന് ഡയറക്ടർ അറിയിച്ചു.

*ഗവൺമെൻറ് ഓഫ് കേരള*

## GOVERNMENT OF KERALA

**Abstract**

Higher Education-Technical- G O (Ms)No. 61/2008MEdn, dated, 13/6/2008 - modified - Orders issued

## HIGHER EDUCATION (G) DEPARTMENT

G.O,(MS)No.175/09/H.Edn. Dated, Thiruvanantftapuram, 16/10/2009.

Read:
1. GO (P) No. 68/2000/ H.Edn. dated, 18/5/2000
2. G.O. (Ms) No. 61/2008/H.Edn. dated 13/6/2008
3. Govt letter No. 24142/G1/07/H.Edn Dated 22.12.2008
4. Representation dated, 24/8/2009 From the General Secretary, AKPCTA
5. Minutes of the meeting held by the Principal Secretary (Higher Education) on 8.9.2009 with Representatives of AKPCTA and DTE.

## ORDER

As per the Governent order and letter read as 2nd and 3rd paper above, Government have issued clarifications to G.O (P) No. 68/2000/H/Edn Dated 18/5/2000. The General Secretary AKPCTA has represented before Govt the grievances of Engineering college teachers and the confusions being existed after the issuance of the clarification. The Principal Secretary (Higher Education) convened discussions with all concerned on 8.9.2009 to sort out the issue.

(1) The first para 3.11 of G.O (P) No. 68/00/H/E.dn dt. 18/5/00 regarding refresher courses was amended by G.O (MS) NO. 61/08. But in the Govt order date of effect of the benefit was not mentioned. The AKPCTA has requested Government to give effect of the benefit w.e.f 1.1.96 Since the AICTE scales and benefits were w.e.f 1/1/96 vide G.O (P) No. 68/00/H.Edn dt. 18/5/00.

Govt have examined the request of AKPCTA in detail and are pleased to accord sanction to give the benefits of clause 2 & 3 of the amended order. G.O (MS) No. 61/08/H.Edn dt. 13/6/08 w.e.f 1/1/1996

(2) The AKPCTA has represented that as per GO (MS) 83/83/H Edn dated 2-5-1983: the period of deputation under QIP shall be treated as duty fo all purposes. This benefit was in existence before 1986 AICTE Revision. It is seen that for many teachers senior scale and selection grade placements were given by reckoning the QIP Deputation period. However, in some cases, DTE has, excluded this period while granting placements prior to 1-1-1996. This amounts discrimination of similary placed teachers. Therefore the relaxation of Senior/Selection Scale granted by the Government vide GO (MS) 61/08/H Edn dated 13-6-2008 shall be given effect from 1-1-1986

Government have examined the request and was accepted the request in principle. There had been Govt orders from 1983 treating the period of QIP deputation of Engineering College teachers as duty. It was not right to avoid this period for placements. Hence DTE is directed to furnish urgent report by assessing the financial commitment

(3) The AKPCTA has also represented that in GO (MS)No. 61/08/HEdn dated 13-6-2008 amends para 3.6 (1) & 2 of GO (P) 68/00/H. Edn dated 18.5.2000 as a teacher will be eligible for 2 advances increments as and when he acquires Ph.D Degree in his service career." The effect was that the benefit granted to teachers with Ph.D and M.Tech at the time of recruitment and the benefit granted to teachers with Ph.D moving into Selection Grade was done away with. This has to be corrected by providing that the amendment shall replace paragraph 3.6 (3) instead of 3.6 (1&2)

The matter was discussed. It was decided to retain para. 3.6 (1) and (2) as such it was further decided to replace para 3.6 (3) with the following words". *A teacher will be eligible for 2 advance increments as and when he/she acquires Ph.D Degree in his service career.*

(4) It was decided to solve the anomalies pointed out by AKPCTA regarding the placements in senior/ selction grade. The anomalies should be solved as such in the manner when UGC scheme was implemented in Arts/Science colleges. This is the policy of Government. DTE must forward necessary proposals to implement the same urgently to Government.

The AKPCTA has also represented that paragraph 36 of GO (P) No. 68/2000 provides for granting 4 and 2 advance increments to those teachers holding Ph.D/M Tech Degree at the time of recruitment. It is seen that there is confusion in granting advance increments for those Ph.D/ M Tech Degree at the time of recruitment. In cretain cases it is granted immediately after joining regular service as lecturer and in some other cases it is granted from the date of regularization of service. As such different dates are assigned to similarly placed teachers. This amounts to discrimination, Therefore, to avoid this, specific clarification has to be given as regards in granting advance increments for those holding PH.D/M Tech Degree at the time of recruitment. Clarification is also necessary to whether placement in senior scale can be given to teachers having requisite past service as per para 3.11 (1.2&3) after completion of probation in the cadre of lecturer or from the date of regularization as lecturer. The benefit of past service envisaged in 3.11.(1.2& 3 )can be granted from the date of regularization and declaration of probation in the post of lecturer. Consequential benefits due to increase in basic pay on granting senior scale/selection grade can be given from the date of service regularization.

The matter was discussed. The rule position as pointed out by the Accountant General in advance increments will be given only after the declaration or probation. Hence it is decided to obtain the views of Accountant General in this regard for further action.

(5) The AKPCTA has further represented that there is confusion as regards to the date of granting increment on acquiring M.Tech/Ph.D degrees. In some cases, the date recorded in the mark list is taken as the date of acquiring M.Tech/Ph.D Degree. In some cases, the date of awarding the Degree is taken. All these may be different for different universities, As much different dates are assigned to similarly placed teachers. This amounts to discrimination. There for to avoid this, specific clarification has to be given as regards to the term date of acquiring M.Tech/Ph.D Degree. It is seen that the process of acquiring Ph.D degree ceases on the day of the viva -voce examination. But a teacher can be said to have acquired Ph.D Degree only after he is awarded the degree at the time of convocation. Therefore it shall be clarified that the benefit of granting increment will be conferred on the date of viva- voce examinations but only after producing the Ph.D Degree certificate. In the case of M.Tech the date of final M.Tech marklist can be taken as the date of accuiring M.Tech degree but only after producing the M.Tech Degree certificate.

The matter was discussed. It was decided to reckon the date of approval of the Degree by the Board of Governors/Syndicate/Date of Provisional or Original Degree Certificate for granting the benefit of advance increments.

(6) AKPCTA has submitted another representation requesting to delete Clause-1 of GO (MS) No. 58/ 08/HEdn dated 24-5-2008 i.e, the QIP Guidelines. It was pointed out that the Government have have issued revised guidelines for selecting candidate for deputation of teaching staff under QIP vide G..O (MS) No.55/08/H/Edn dt. 24.5.2008. This was issued in supersession of G.O (MS) No. 83/83 dt 2.5.1983. The para 1 (XVIII) of G.O (MS) No. 83/83 reads. "The vacancies conseqent on the deputation of teaching staff for higher studies under Quality Improvement Programme shall be filled up". But in G.O (MS) 55/08 Para 1. reads. The vacant posts of teachers deputed under QIP against the sanctioned seats shall be filled up by Lecturers. On no account should any promotion be effected against vacancies consequent on deputation under QIP. AKPCTA has requested to take urgent steps to delete this clause 1 in the GO (MS) No. 55/08/H Edn dt 24-5-08 for effecting promotions, when an Asst Professor/ Professor is deputed.

The matter was dicussed in detail. It was found that the request from the part of AKPCTA in not practical. It was also decided to take action on the the issues before 24.5.2008 on the basis of the system existed before the issuance of GO (MS) No. 55/08/HEdn dt 24.5.08

(By Order of the governor)
**K. Lalithambika**
*Additional Secretary to Government*

## ആദരാഞ്ജലികൾ


പ്രൊഫ. ഫ്രാൻസിസ് എബ്രഹാം

എ.കെ.പി.സി.ടി.എ യുടെ സജീവ പ്രവർത്തകനായിരുന്ന മാന്നാനം കെ.ഇ.കോളജ് എക്കണോമിക്സ് വിഭാഗം അധ്യാപകൻ പ്രൊഫ. ഫ്രാൻസീസ് എബ്രഹാം (52) 16-11-2009 ൽ നിര്യാതനായി.

**എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ.**

**(2)**

## GOVERNMENT OF KERALA

**Abstract**

KERALA SERVICE RULES—MATERNITY LEAVE TO FEMALE RECRUITS WHO JOIN DUTY WITHIN A SPECIFIED PERIOD AFTER DELIVERY—CEILING ENHANCED—

ORDERS ISSUED

FINANCE (RULES) DEPARTMENT

**G.O. (P) No. 408/09/Fin. Dated, Thiruvananthapuram, 24th September 2009.**

Read:— (1) G. O. (P)No. 59/06 Fin. dated 6-2-2006.
(2) G. O. (P)No. 129/09 Fin. dated 1-4-2009.

**ORDER**

In the Government Order read as Second Paper above orders have been issued enhancing the number of days of maternity leave admissible to Female Officers under rule 100 Part I KSRs to 180 days. By this Female Officers proceeding on Maternity Leave gets leave upto 180 days. But corresponding changes have not been made to the Note 5 ibid enabling female recruits through Public Service Commission also the benefits of the enhanced period.

Government after detailed examination are pleased to enhance the limit of 135 days in Note 5 to Rule 100 Part I KSRs to 180 days enabling fresh female recruits also the benefit of the enhancement subject to the other condition below the Note. Necessary amendment to the rules in KSRs will be issued separately.

By order of the Governor,
G. S. PADMAKUMARY AMMA,
Additional Secretary (Finance).

**(3)**

**കേരളസർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസവകുപ്പ്-ജീവനക്കാര്യം-അംഗീകൃതകോളജ് അധ്യാപക സംഘടനകളുടെ സംസ്ഥാന സമ്മേളനം - പങ്കെടുക്കുന്ന ഒരു ദിവസം ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ (സാധാ) നം.864/09/ ഉ.വി തീയതി, തിരുവനന്തപുരം 23/06/09

പരാമർശം: 1. 9.7.97 ലെ എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറിയുടെ നിവേദനം
2. 29.10.2007 ലെ എ. 1/38205/07/ കോ.വി.വ. നമ്പർ കോളജ് വിദ്യാഭ്യാസഡയറക്ടറുടെ കത്ത്.

**ഉത്തരവ്**

കോളജ് വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള കോളജ് അധ്യാപകരുടെ അംഗീകൃത സംഘടനകളുടെ വാർഷിക സമ്മേളനത്തോടനുബന്ധിച്ചു നടക്കുന്ന അക്കാദമിക് സെമിനാറുകളിൽ പങ്കെടുക്കുന്ന അധ്യാപകർക്ക്, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് വീഴ്ച വരുത്തിയിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സമ്മേളനത്തിൽ പങ്കെടുക്കുന്ന ഒരു ദിവസം ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.മോഹനകുമാർ
ഡെപ്യൂട്ടി സെക്രട്ടറി

## GOVERNMENT OF KERALA

### ABSTRACT

Higher Education Department - Private Colleges -Participation of teaching staff in Government and private aided colleges in Seminar, Workshop etc. - Treating the period as duty Revised guidelines issued.

---

### HIGHER EDUCATION (D) DEPARTMENT

No. 200/2009/H.Edn. Dated, Thiruvananthapuram 12-11-2009.

---

Read:- 1) GO(MS) No. 113/92/H.Edn dated 29.6.1992
2) Letter No. 04-51483/07/Cdl.Edn dated 15.4.09 from the Director of Collegiate Education, Thiruvananthapuram

### ORDER

As per the guidelines issued in the GO read as first paper above participation of teachers of both Government and Private aided Colleges in Seminars, Summer institutions, Orientation courses organised by the UGC, NCERT, NES Education and Universities anywhere in India will be treated as duty under Rule 12(1) (iii) Part I KSRs. Government are often receiving proposal requesting that period of participation in refresher courses/ seminars, workshops arranged by certain other organizations may ateo be treated as duty.

2. Government have examined the matter in detail in consultation with the Director of Collegiate Education, and in supercession of the GO read as first paper above, they are pleased to issue following revised guidelines for treating the period of participation in seminars/workshops etc as duty under Rule 12(l)(iii) of Part I K5Rs.

(i) The teachers of both Government and private aided colleges are permitted to participate in Seminars, conferences, refresher courses etc conducted by Universities, Research Institutions and professional organizations of teachers like Indian Association

of teachers etc. anywhere in India with prior permission from the competent authority subject to the condition that such participation wiH be treated as duty for a maximum of 7 days in an academic year.

(ii) The Principal should ensure that the portion of the syllabi to the teachers is finished within the prescribed time limit so that there will be no complaint from the students.

(iii) Examination work relating to the conduct of examination by Universities to which the college is affiliated for regular students will be considered as part of normal duty and teachers engaged to it will be treated as on duty.

(BY ORDER OF THE GOVERNOR)
A. MOHANA KUMAR
Deputy Secretary


### ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത, തുടങ്ങിയ സാഹിത്യ സൃഷ്ടികൾ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, വിജ്ഞാനപ്രദമായ കുറിപ്പുകൾ, മററ് വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 100 രൂപ മാത്രം**

**ബ്രാഞ്ചുകൾ ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ച് അടിയന്തിരമായി എത്തിക്കുക.**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.

*മാനേജിംഗ് എഡിറററുടെ വിലാസം*
**ഡോ. വി. ജയകുമാർ**
ഐശ്വര്യ, ററി. സി. 55/494,
ശാരദാ ഗാർഡൻസ് ലെയ്ൻ, നീറമൺകര
പാപ്പനംകോട് പി. ഒ. തിരുവനന്തപുരം -695 018,
ഫോൺ: 0471 -2491432

*ചീഫ് എഡിറററുടെ വിലാസം*
**ഡോ. എസ്. ജയരാജ്കുമാർ**
ഗീതാജ്ഞലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽ കോളേജ് പി. ഒ
തിരുവനന്തപുരം- 695 011,
ഫോൺ: 0471-2440004

**AKPCTA State Committee Office**
Mathurbhoomi Road, Vanchiyoor, Thiruvananthapuram-35
Phone: 0471- 2463494, Fax: 0471-2468984, Mobile:09495425219
e-mail:akpctatvm@gmail.com www.akpcta.org

# The All Kerala Private College Teachers' Association

To

The Hon'ble Minister for Education, Government of Kerala,
Thiruvananthapuram

Sub: Participation of teachers of private aided/government colleges in seminar/ workshops etc- Treating the period as duty- reg

Ref: GO(MS) NO.200/2009/H.Edn dated 12-11-2009

With reference to the GO cited above, we would like to bring the following to your kind attention.

1. The teachers' associations of private aided colleges/government colleges were not consulted before issuing such an important government order.
2. The stipulation in the GO that duty leave is limited to 7 days in an academic year for attending seminars, workshops, refresher courses etc baffles the chances of teachers for attending refresher courses as part the Career Advancement Scheme (CAS) of the UGC. The teachers have to attend a specified number of orientation/refresher courses of approximately 4 weeks duration for getting placement under the CAS of the UGC. The condition in the GO that prior permission shall be obtained from the competent authority to participate in refresher courses also poses hardship to the teachers. The academic staff colleges attached to the Universities, where such refresher courses are conducted; usually intimate the participants at the very last moment. Waiting for prior sanction from the competent authority will spoil the chances of the aspirants to attend the course. In view of the above , we appeal to your.good self to look in to this matter and instruct the Secretary in the Higher Education Department to revise para 2(i) the GO to permit the teachers of private aided/ government colleges to attend refresher /orientation courses without prior permission of the competent authority. The participation in orientation/refresher courses should be treated as duty.
3. Besides the prime duty of teaching, teachers are to be oriented to assimilate new ideas and disseminate knowledge. They have to attend a considerable number of seminars and work shops to attain this objective. Limiting the period of duty leave for 7 days in an academic year would dampen the enthusiasm of the teachers to extend their boundaries of knowledge. Since most of the National and International Seminars are of 3-5 days duration, and organized outside the state, the stipulated 7 days will not be sufficient for a teacher to attend even one seminar in an academic year. Teachers should be granted opportunities to participate seminars, workshops, summer institutes sponsored/organized by the UGC, state/Central government departments/ bodies, Universities any where in India, Research Institutes, Professional Organizations, All India teachers' organizations etc with out the prior permission of competent authority. We appeal to your good self to give instructions to revise para 2(i) of the GO accordingly.
4. The para 2(ii) of the GO questions the very integrity of teachers. A teacher is always wowed to complete the work assigned to him/her during an academic year. As such the para 2(ii) the GO should be dispensed with. Principals shall be permitted to sanction duty leave with a condition that the normal work of the teacher in the college shall not be affected.
5. A teacher has to carry out the examination work of other universities also. If a teacher accepts examination work of other universities in the state, it will be treated as examiner ship at the instance of the government (KSR Part I, Appendix VII, Section II, rule I(ii)). As such, the para 2(iii) of the GO should be modified to the effect that the period of absence for taking up examiner ship of other Universities in the state shall be treated as duty.
6. Para 2(iii) of the GO stipulates that the examination work relating to regular students alone will be considered as part of normal duty. But the teachers of aided private/government colleges engaged in invigilation /evaluation work relating to University examinations cannot identify the regular and private students. Both types of students will be present in an examination hall and their answer scripts cannot be differentiated during the evaluation process. In view of the above, we appeal to your good self to intervene in this matter and give instructions to treat all examination work relating to the parent University (the University to which the college is affiliated) as part of normal work. The teachers engaged for such work shall be treated as on duty.

Yours faithfully,

**Prof. K. Sasidharan**
*President, AKPCTA*

**Prof. P. Reghunath**
*General Secretary, AKPCTA*

## ഡോക്ടറേററ്



കേരളാ യൂണിവേഴ്സിററിയിൽ നിന്നും മെക്കാനിക്കൽ എൻജിനീയറിംഗിൽ ഡോക്ടറേററ് നേടിയ കൊല്ലം ടി.കെ.എം.എൻജിനീയറിംഗ് കോളജ് മെക്കാനിക്കൽ എൻജിനീയറിംഗ് വിഭാഗം അധ്യാപകൻ **ഷാഫി കെ.എ.** *Theoretical and Experimental Investigations of a two stage PTC* എന്നതായിരുന്നു ഗവേഷണവിഷയം. ഡോ.കെ.കെ.അബ്ദുൾ റഷീദിൻെറയും ഡോ.ജോൺ എം.ജോർജ്ജിൻെറയും മേൽനോട്ടത്തിൽ ആയിരുന്നു ഗവേഷണം.



കേരള യൂണിവേഴ്സിററിയിൽ നിന്നും കെമിസ്ട്രിയിൽ ഡോക്ടറേററ് നേടിയ കൊല്ലം ടി.കെ.എം. ആർട്ട്സ് ആൻറ് സയൻസ് കോളജിലെ അധ്യാപകൻ **ഹരികുമാർ.ബി.** പന്തളം എൻ.എസ്.എസ്. കോളജ് പ്രിൻസിപ്പാൾ ഡോ.ജി.ജയകുമാറിൻെറയും കൊല്ലം എസ്.എൻ. കോളജിലെ ഡോ.എ.സുലേഖയുടെയും നേതൃത്വത്തിൽ *Phytochemical Investigations on Some Goniothalamas Species (Annonaceace)* എന്ന വിഷയത്തിലായിരുന്നു ഗവേഷണം.



എം.ജി സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേററ് നേടിയ ആലുവ യൂ.സി. കോളജ് അധ്യാപകൻ എം. ഐ. പുന്നൂസ്. ***സെൻറ് തോമസ് ഐതീഹ്യങ്ങൾ: ഒരു പുരാവൃത്ത പഠനം*** എന്ന വിഷയത്തിൽ ഡോ. എ. ഗോപിനാഥൻ നായരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം

### പ്രബന്ധം അവതരിപ്പിച്ചു



250-ാം വാർഷികമാഘോഷിക്കുന്ന ലണ്ടനിലെ റോയൽ ബൊട്ടാണിക്ക് ഗാർഡൻെറ (ക്യൂ ഗാർഡൻ) ആഭിമുഖ്യത്തിൽ ഒക്ടോബർ 12 മുതൽ 16 വരെ നടത്തിയ അന്താരാഷ്ട്ര ശാസ്ത്രകോൺഫറൻസിലെ ഏക ഇന്ത്യൻ പ്രബന്ധമായ ***'കേരളത്തിലെ അത്യപൂർവ്വ പയർ വർഗ്ഗങ്ങളുടെ സംരക്ഷണം'*** അവതരിപ്പിച്ച വാഴൂർ എസ്.വി.ആർ. എൻ.എസ്.എസ്.കോളജ് ബോട്ടണി വിഭാഗം അധ്യാപകൻ **ഡോ.എസ്.വി.പ്രദീപ്.**

# എ.കെ.പി.സി.ടി.എ ക്ഷേമനിധി വിതരണം



അന്തരിച്ച ആലപ്പുഴ എസ്. ഡി കോളജ് ബോട്ടണി വിഭാഗം മേധാവി ഡോ. കുസുമകുമാരിയുടെ അനന്തരാവകാശിക്ക് എ.കെ.പി.സി.ടി.എ വെൽഫയർ ട്രസ്ററിൽ നിന്നുള്ള ആനുകൂല്യം നവംബർ 1 ന് എറണാകുളത്ത് ചേർന്ന സംസ്ഥാന കൗൺസിൽ യോഗത്തിൽ വച്ച് എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. കെ. ശശിധരൻ നൽകി.

R.No. 36025/81
No. 220

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2007-2009
Rs. 11/-
DECEMBER 2009


# കുമാരനെല്ലൂർ സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 3898

## പെരുമ്പായിക്കാട്, കോട്ടയം

ഫോൺ : 0481 – 2597459
പ്രസിഡന്റ് : 0481 – 2594576

**കോട്ടയം താലൂക്കിലെ കഴിഞ്ഞ പന്ത്രണ്ടു വർഷമായി തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണബാങ്ക്**

## ബ്രാഞ്ചുകൾ നാല്

**ഹെഡോഫീസും ബ്രാഞ്ചുകളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നു.**

(കുമാരനെല്ലൂർ ജംഗ്ഷൻ ബ്രാഞ്ചിൽ 12 മണിക്കൂർ ബാങ്കിംഗ് സംവിധാനം ഞായറാഴ്ച ഉൾപ്പെടെ)

**നിക്ഷേപം 32 കോടി**
**വായ്പ 23 കോടി രൂപ**
**അംഗങ്ങൾ 24000**

**അംഗങ്ങൾക്ക് 20 ശതമാനം വരെ ലാഭവീതം നൽകുന്നു ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലും ലോക്കർ സൗകര്യം സഹകരണനീതിസ്റ്റോർ, വളം കീടനാശിനി ഡിപ്പോ, റബ്ബർ സംഭരണം എന്നിവ ഹെഡോഫീസിനോട് അനുബന്ധിച്ച് നടത്തുന്നു.**

പ്രൊഫ.പി.ജി.സുകുമാരൻ നായർ
പ്രസിഡന്റ്

ശ്രീമതി. ആലീസ് ജോൺ
സെക്രട്ടറി


Edited , Printed and Published by S. Viswanathan, AKPCTA State Committee Office, [illegible], Tvpm. [illegible] Phone [illegible]494,
Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org, Printing & Typeset, New [illegible] Printers, [illegible] Ph. 3012141
Chief Editor: Dr. S. Jayaraj Kumar